# സമുദായമിത്രം

ഗ്രന്ഥകർത്താവ്:

[illegible] ആവിത്തിക്കോട്ട് [illegible] നമ്പൂതിരിപ്പാട്

27
385-31

# സമുദായ ചിത്രം

ദേവനാസൽ ദക്ഷിണിപ്പുകൾ

...MANNIKAM LIBRARY ... TRICHUR
No. 2/17

യോഗക്ഷേമഗ്രന്ഥാവലി നമ്പ്ര്

# സമുദായമിത്രം

ഗ്രന്ഥകർത്താവ്:
മി. ആചിത്തിക്കാട്ട് മഹദാസൻഭട്ടതിരിപ്പാട്

പ്രസാധകൻ:
പാറയിൽ രാമൻനമ്പൂതിരി
(യോഗക്ഷേമ വായനശാലാ സിക്രട്ടറി)

തൃശ്ശിവപേരൂർ
മംഗളോദയം കമ്പനിയിൽ അച്ചടിച്ചത്.

1095

[വില 4 ണ.

[illegible] ഗ്രന്ഥാലയം

# പ്രസ്താവന.

അപരിചിതന്മാരുമായി ഇടപെടുന്നതിന്നു പരിചിതനായ ഒരു മദ്ധ്യസ്ഥൻ പരിചയപ്പെടുത്തീട്ടു വേണമെന്നുള്ള നിർബ്ബന്ധം നാട്ടുകാൎക്കില്ല. അങ്ങിനെയൊരു നടവടി ഈയിടയിൽ തുടങ്ങീട്ടുണ്ടെങ്കിൽ തന്നെ, അവിഞ്ഞിക്കാട്ടു വേദാസൻഭട്ടതിരിപ്പാട്ടുന്ന് നമ്പൂതിരിമാൎക്ക് അപരിചിതനൊ, ഞാൻ അദ്ദേഹത്തെ പരിചയപ്പെടുത്തുവാൻ തക്കവണ്ണം അധികപരിചിതനൊ അല്ല. നമ്പൂതിരിസമുദായത്തെസ്സംബന്ധിക്കുന്ന പ്രബന്ധങ്ങൾക്കു പ്രസ്താവനയെഴുതുവാൻ എനിക്കെന്തവകാശമൊ അൎഹതയോ ആണുള്ളതെന്നു ഞാൻ ആദ്യം സംശയിച്ചു. ഭട്ടതിരിപ്പാട്ടുന്ന് എന്നോടാവശ്യപ്പെടുന്നതു തന്നെ എന്റെ അൎഹതക്കു മതിയായ തെളിവാണെന്നു സമാധാനിച്ച് നമ്പൂതിരിസമുദായത്തെപ്പററി പ്രത്യക്ഷമായി രണ്ടു വാക്കു പറവാനുള്ള സംരംഭത്തിൽ ഞാൻ ഇതിന്നൊരുങ്ങിയതാണ്.

നമ്പൂതിരിസമുദായത്തെപ്പററി എനിക്കുള്ള അറിവ് എത്രയോ ശിഥിലമാകുന്നു. എന്നാൽ ഉള്ളേടത്തോളം അറിവു കേട്ടറിവോ പുസ്തകം വായിച്ചറിവോ 'സൎക്കീട്ടു'പരിചയമൊ അല്ല. പതിന

ഞ്ചു കൊല്ലക്കാലമായി ഒരു പരദേശബ്രാഹ്മണ
ന്ന പാട്ടങ്ങളെടത്തോളം അടുത്തു പെരുമാറി നമ്പൂ
തിരിമാരുടെ സ്വഭാവവും മനോഗതിയും അറി
വാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ആ ശ്രമത്തിന്റെ
ഫലമായി അവരുടെ ഉൽകൃഷ്ടഗുണങ്ങളിൽ വള
രെ ബഹുമാനവും തൽക്കാലസ്ഥിതിയിൽ അല്പം അ
[illegible] ട്ടുള്ളതി. [illegible] പാത
ത്രയിൽ ഇതരസമുദായങ്ങളെക്കാൾ ഇപ്പോഴും
വർ അധികം ക്ലേശിക്കുന്നുണ്ടെന്നു വിചാരിച്ചല്ല
ാൻ അനുതപിക്കുന്നത്. അവരിൽ ലയിച്ചുകി
ന്ന മഹത്തായ ശക്തിയെ അറിഞ്ഞുപയോഗ
ടുത്തിയാൽ എന്തെല്ലാം സാധിക്കാമായിരുന്നു
ന്നു വിചാരിച്ചാണ് ഞാൻ അനുതപിക്കുന്നത്.
ന്നാൽ ഈ നിലയിൽ തന്നെ കുറെക്കാലം കൂടി
ിഞ്ഞാൽ അവർ ശോച്യാവസ്ഥയിലകപ്പെട്ടേ
മെന്നുള്ള ഭയം എനിക്കില്ലെന്നില്ല.

സമുദായസംബന്ധമായി അനേകം കാര്യ
ൾ ചെയ്യേണ്ടതുണ്ട്. ട്ടേതിരിപ്പട്ടിലെ ഈ പ്ര
ന്ധങ്ങൾ ചില ഗൃഹകാര്യങ്ങളെ മാത്രം ചൂണ്ടി
ണിക്കുകയാണു ചെയ്യുന്നത്. എല്ലാ കാര്യങ്ങ
ഗൃഹത്തിൽനിന്നു തുടങ്ങുന്നതാണ് അധികം
ുപ്പം. അതുകൊണ്ടു ഗൃഹജീവിതത്തെസ്സംബ
ക്കുന്ന ഈ വിഷയങ്ങൾ പ്രത്യേകിച്ചും ശ്രദ്ധേ
ങ്ങളുമാണ്.

അടുത്ത കാലത്തിൽ ചെറുപ്പക്കാരായ നമ്പൂതിരിമാരുടെ ഇടയിൽ ഒരുണൎച്ചയും ഇളക്കവും കാണുന്നുണ്ടു്. വളരെക്കാലത്തെ ഉറക്കത്തിൽനിന്നുണൎന്നു നടന്നുതുടങ്ങുമ്പോൾ കണ്ണുറച്ചിട്ടല്ലേ നടക്കുന്നതെന്നു് ഓൎക്കാഞ്ഞാൽ തട്ടിത്തടഞ്ഞു താഴത്തു വീഴും. അതു കൂടാതെ കഴിപ്പാൻ വേണ്ട മുന്നറിവു കൊടുപ്പാൻ ഇമ്മാതിരി പുസ്തകങ്ങൾ ഉപകരിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. അതുതന്നെയാണു് ഞാൻ ഇതിന്നു പ്രസ്താവനയെഴുതുവാനുള്ള മുഖ്യകാരണവും.

തൃശ്ശിവപേരൂർ.
95 ധനു 10-ാംനു-

പി. എസ്സ്. അനന്തനാരായണശാസ്ത്രി.

# വിഷയാനുക്രമണിക


| നമ്പ്ര് | വിഷയം | ഭാഗം |
|---|---|---|
| 1. | നമ്പൂതിരിമാരുടെ ജീവിതസമ്പ്രദായം | 1—34 |
| 2. | ,, ആചാരനിഷ്ഠയും ആരോഗ്യവും | 35—42 |
| 3. | ,, അതിഥിസൽക്കാരം .... .... | 42—50 |
| 4. | അന്തർജ്ജനങ്ങളുടേയും കിടാങ്ങളുടേയും അനാഥസ്ഥിതി .... .... | 50—59 |

# സമുദായമിത്രം.

## ൧. നമ്പൂതിരിമാരുടെ ജീവിതസമ്പ്രദായം.

### പൂർവ്വചരിത്രം.

നമ്പൂതിരിമാരുടെ ഇപ്പോഴത്തെ ജീവിതസമ്പ്രദായം എന്താണെന്നും, അതിൽ വല്ല ന്യൂനതകളുമുണ്ടോ എന്നും, ഉണ്ടെങ്കിൽ അതിന്റെ നിവൃത്തിമാർഗ്ഗം എന്താണെന്നും മററുമാണു് ഇവിടെ ആലോചിപ്പാനുള്ളതു്. എന്നാൽ അതിന്നുമുമ്പു് അവരുടെ പുരാതനമായ — എന്നു വെച്ചാൽ മലയാളത്തിൽ ഏതാണ്ടു ബ്രിട്ടീഷുഭരണം തുടങ്ങുന്നതുവരെയുള്ള കാലത്തെ ജീവിതസമ്പ്രദായം എന്തായിരുന്നു എന്നറിയുന്നതു് ആവശ്യമാകയാൽ അതിനെക്കുറിച്ചു് ആദ്യമായി കുറഞ്ഞൊന്നു പ്രസ്താവിക്കാം. നമ്പൂതിരിമാർ ഒരുകാലത്തു കേരളത്തിൽ ഇതരസമുദായക്കാരേക്കാൾ എല്ലാംകൊണ്ടും ഉന്നതസ്ഥിതിയെ പ്രാപിച്ചിരുന്നു എന്നുള്ളതു് ഇന്നും പരക്കെ സമ്മതിക്കുന്ന ഒരു കാര്യമാണല്ലോ. ബുദ്ധിശക്തി, പഠിപ്പു, സ്വഭാവവിശേഷം മുതലായ ഗുണങ്ങളാൽ ഇന്ത്യയിൽ മററു ബ്രാഹ്മണർക്കു

ണ്ടായിരുന്ന സ്ഥാനം കേരളത്തെ സംബന്ധിച്ചേടത്തോളം മുഴുവൻ നമ്പൂതിരിമാരാണു വഹിച്ചിരുന്നതെന്നു പറയാം. എന്നാൽ പരദേശബ്രാഹ്മണരെപ്പോലെ കേവലം വൈദികന്മാരുടെ നില മാത്രമല്ല അവൎക്കിവിടെ ഉണ്ടായിരുന്നുള്ളു. കേരളത്തിലെ ഭൂമിയുടമസ്ഥന്മാർ മിക്കവാറും നമ്പൂതിരിമാരായിരുന്നതിന്നുപുറമെ രാജ്യരക്ഷ, ഭടവൃത്തി, നീതിന്യായപരിപാലനം എന്നീ രാജ്യകാൎയ്യങ്ങളിലും അവർ ധാരാളം ഏൎപ്പെട്ടിരുന്നു. ഇന്നു രാജ്യതന്ത്രത്തിൽ മുമ്പിട്ടുനില്ക്കുന്ന പാശ്ചാത്യരാജ്യക്കാരെക്കൂടി വിസ്മയിപ്പിക്കത്തക്കവിധത്തിൽ ജനാധിപത്യഭരണത്തെ ഏററവും പരിഷ്കൃതരീതിയിൽ എത്രയോ നൂററാണ്ടു മുമ്പുതന്നെ നമ്പൂതിരിമാർ സ്വതന്ത്രമായി കേരളത്തിൽ നടത്തിയിരുന്നു എന്നുള്ള ഒരൊററ സംഗതിതന്നെ അവരുടെ ലൌകികപരിഷ്കാരത്തെ ധാരാളം തെളിയിക്കുന്നുണ്ടു്. ചുരുക്കിപ്പറയുന്നതായാൽ ലൌകികമായും, വൈദികമായുമുള്ള എല്ലാ വിഷയങ്ങളിലും അവർ മലയാളത്തിൽ മറെറല്ലാ സമുദായക്കാരുടേയും ഉപദേഷ്ടാക്കന്മാരും നേതാക്കന്മാരുമായിരുന്നു എന്നു പറഞ്ഞാൽ മതിയാകും.

## പുരാതനകാലത്തെ ജീവിതസമ്പ്രദായം.

എന്നാൽ അവരുടെ ജീവിതത്തിന്റെ പരമോദ്ദേശ്യം ഒരിക്കലും ഐഹികമായിരുന്നില്ല; പാ

ന്ത്രികംതന്നെയായിരുന്നു. ആ ഒരു കാര്യം സാധി ക്കുവാൻവേണ്ടി മാത്രം അവരിൽ ഏതാനും ചിലർ മേൽപറഞ്ഞ ലൌകികകാര്യങ്ങളിൽ ഏർപ്പെട്ടിരു ന്നു എന്നു വിചാരിപ്പാനേ തരമുള്ളു. ആത്മീയമാ യ ഉദ്ദേശത്തെ ലക്ഷ്യമാക്കീട്ടാണ് അവരുടെ പൊ തുവിലുള്ള ജീവിതസമ്പ്രദായത്തെയെല്ലാം വ്യവ സ്ഥപ്പെടുത്തീട്ടുള്ളത്. ഈ ഒരു സംഗതി വിശദമാകു ന്നതിന്നു പുരാതനകാലംമുതല്ക്കു അവർ അനുഷ്ഠി ച്ചുപോരുന്ന ആചാരനടപടികളെ ഒന്നെടുത്തു വി വരിക്കുന്നത് ഈ പ്രകൃതത്തിൽ ഒരിക്കലും അനാവ ശ്യമായി വരില്ലെന്നു വിശ്വസിക്കുന്നു. ശുചിത്വം, വൈദികവൃത്തി, വിദ്യാഭ്യാസം കുടുംബജീവിതം, സമുദായസ്ഥിതി, അന്യസമുദായക്കാരുമായുള്ള ഇ രിപ്പ്, ആചാരപരിഷ്കാരം എന്നിങ്ങിനെ ഏതാനും ചില സംഗതികളെയാണ് ഇവിടെ വിവരിക്കാൻ പോകുന്നത്.

## ശുചിത്വം

ശുചിത്വത്തിൻെറ കാര്യത്തിൽ മലയാളി കൾ പരദേശികളേക്കാൾ വളരെ അധികം നിഷ്ഠ യുള്ളവരാണെന്ന് അഭിമാനിക്കുന്നുണ്ടെങ്കിൽ ആ അഭിമാനത്തിന്നു പ്രഥമാവകാശികൾ നമ്പൂതിരി മാരാണെന്നു പറയാം. അവർ ഇതിനെ ആത്മാ ത്മരക്ഷാമാർഗ്ഗങ്ങളിൽ ഒന്നായി കരുതിയിരുന്നതി ന്നു പുറമെ വൈദികവൃത്തിയുടെ ഒരംഗമായിട്ടു്കൂ

ടി ഗണിച്ചിരുന്നു. ദേഹം, വസ്ത്രം, ഭക്ഷണം, ഗൃഹം എന്നീ എല്ലാ വിഷയങ്ങളിലും അവർ ശുചിത്വം പ്രത്യേകം വീക്ഷിച്ചിരുന്നു. കാലത്തെഴുന്നേററാൽ മലമൂത്രവിസർജ്ജനം ചെയ്തു പല്ലുതേച്ചു മുഖത്തോടുകൂടി സ്നാനംചെയ്തു ദേഹശുദ്ധി വരുത്തിയതിന്നു ശേഷമല്ലാതെ യാതൊന്നും ഭക്ഷിപ്പാൻ പാടില്ലെന്നാണ് അവരുടെ ഇടയിലുള്ള ഒന്നാമത്തെ ആചാരനിർബ്ബന്ധം. ഒരില്ലമായാൽ സ്വച്ഛജലമുള്ള ഒരു കുളം, അല്ലെങ്കിൽ പുഴ, മലമൂത്രവിസർജ്ജനത്തിന്നു പ്രത്യേകമായുള്ള സ്ഥലങ്ങൾ എന്നിങ്ങിനെ ശുചീകരണത്തിന്നു വേണ്ട സകല സൌകര്യങ്ങളും അവിടെ അടുത്തുണ്ടായിരിക്കും. തൊട്ടാൽ കുളി, തീണ്ടിക്കുളി, മുങ്ങിക്കുളി, കുളിയാശ്ശുദ്ധം, എടശ്ശുദ്ധം, വഴശ്ശുദ്ധം എന്നീ മലയാളാചാരങ്ങളെല്ലാം നമ്പൂതിരിമാരുടെ ശുചിത്വത്തിലുള്ള നിഷ്കർഷയിൽനിന്നുണ്ടായിട്ടുള്ളതാണെന്നു വിചാരിക്കണം. ഒരിക്കൽ ഉപയോഗിച്ച വസ്ത്രത്തെ അലക്കി ശുദ്ധമാക്കിയോ നനച്ചു ചളികളഞ്ഞു വെളുപ്പിച്ചോ അല്ലാതെ രണ്ടാമതു ഉപയോഗിച്ചിരുന്നില്ലെന്നു മാത്രമല്ല, സ്പർശിക്കപോലും ചെയ്തിരുന്നില്ല. വസ്ത്രത്തിന്റെ വിലയിലൊ മോടിയിലൊ അല്ല അവർ ശ്രദ്ധവെച്ചിരുന്നത്; ശുദ്ധിയിൽ മാത്രമാണ്. പരുത്തിനൂൽകൊണ്ടുള്ള ഉടുപ്പ് ഉപയോഗിച്ചുവരുന്ന മലയാളികളുടെ വസ്ത്രധാരണസ

സ്സമ്പ്രദായം ഇവരുടെ ഉദ്ദേശത്തിന്നു വളരെ യോജി ച്ചിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

ഭക്ഷണകാൎയ്യത്തിൽ നമ്പൂതിരിമാരെപ്പോലെ ശുചിത്വം നോക്കുന്നവർ വേറെ ഉണ്ടോ എന്നു തന്നെ വളരെ സംശയമാണ്. അപ്പഴപ്പോൾ പാകംചെയ്ത സാധനങ്ങളെ മാത്രമേ അവർ ഭക്ഷിച്ചിരുന്നുള്ളു. വെള്ളഞ്ചോറ്, പൊതിച്ചോറ് മുതലായ പഴകിയ സാധനങ്ങളൊന്നും അവർ ഉപയോഗിക്കാറില്ല. ഉപസ്തരണംകൊണ്ട് (നെയ്യുകൊണ്ട്) അന്നശുദ്ധി വരുത്തിയേ അവർ ഭക്ഷിച്ചിരുന്നുള്ളു. മത്സ്യമാംസാദികൾ തീരെ നിഷിദ്ധങ്ങളാണ്. സത്വഗുണപ്രധാനങ്ങളായ സസ്യങ്ങളാണ് അവരുടെ ആഹാരസാധനങ്ങൾ. ക്ലുപ്തമായ സമയത്തും മിതമായ രീതിയിലുമായിരുന്നു അവരുടെ ആഹാരസമ്പ്രദായമെന്നുകൂടി ഈ അവസരത്തിൽ പറഞ്ഞുകൊള്ളട്ടെ. വെക്കുന്ന ആൾ, വിളമ്പുന്ന ആൾ, പാകംചെയ്യുന്ന പാത്രം, ഇരിക്കുന്ന സ്ഥലം, ഉണ്ണുവാനുള്ള ഇല എന്നീ വിഷയങ്ങളിൽകൂടി അവർ ശുചിത്വം കലശലായി വീക്ഷിച്ചിരുന്നു എന്നറിയുമ്പോൾ തന്നെ അവൎക്ക് ഈ കാൎയ്യത്തിൽ എത്രമാത്രം നിഷ്കൎഷയുണ്ടായിരുന്നു എന്നുള്ളത് ഒരുവിധം മനസ്സിലാക്കാം. ഗൃഹശുചീകരണത്തിലും അവർ ഒട്ടും അശ്രദ്ധ കാണിച്ചിരുന്നില്ല. ദിവസേന കാലത്തും, ഉച്ചയ്ക്കും, സന്ധ്യ

യ്ക്കും അടിച്ചുതളി വേണമെന്നാണ് നിശ്ചയം. ചാണകം കലക്കി നിലം തേയ്ക്കുക; മുററം അടിച്ചുതളിക്കുക; ചുമര്, വാതിലുകൾ, പടികൾ എന്നിവയെ കൂടക്കൂടെ തേച്ചു വെടിപ്പാക്കുക; കിണ്ണം, കിണ്ടി, കരണ്ടി മുതലായ ഗൃഹോപകരണങ്ങളെ വെണ്ണീറുകൊണ്ടും മണ്ണുകൊണ്ടും മററും നല്ലവണ്ണം തേച്ചു ശുചിയാക്കുക; എന്നിങ്ങിനെ ഗൃഹത്തെസ്സംബന്ധിച്ച എല്ലാ സംഗതികളിലും അവർ ശുചിത്വം വളരെ ദീക്ഷിച്ചിരുന്നു. ഇതിന്റെ പുറമെ മതാചാരങ്ങളിൽ പെട്ട ഭസ്മം, ചന്ദനം, പുവ്വ്, ധൂപക്കുട്ട്, ഹോമം മുതലായവയും ഇല്ലങ്ങളിലെ ശുദ്ധിയെ സംരക്ഷിക്കുന്നതിന്നു വളരെ സഹായിച്ചിട്ടുണ്ടായിരിക്കുമെന്നതിന്നു സംശയമില്ല. ആകപ്പാടെ ഈ വക നിഷ്കർഷ നിമിത്തം നമ്പൂതിരിമാരുടെ ആരോഗ്യരക്ഷ എത്രയോ തൃപ്തികരമായിരുന്നു എന്നുള്ളത് എല്ലാവരും ഒരുപോലെ സമ്മതിക്കുന്നതാണ്. എന്നല്ല ഇന്നും നമ്പൂതിരിസമുദായത്തിൽ മററു സമുദായങ്ങളിലേക്കാൾ വസൂരി, വിഷൂചിക, പനി, മുതലായ സാംക്രമികരോഗങ്ങൾക്കും, ചിരങ്ങു- ചൊറി മുതലായ ചില്ലും ദീനങ്ങൾക്കും വളരെ കുറവുണ്ടെന്നു പറയുന്നുണ്ടെങ്കിൽ അതു പണ്ടത്തെ ഈയേർപ്പാടിന്റെ ഫലമാണെന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

## വൈദികവൃത്തി.

എന്നാൽ അവർ ഈ ബാഹ്യശൌചംകൊ

ണ്ടു മാത്രം തൃപ്തിപ്പെട്ടിരുന്നില്ല. ആത്മശുദ്ധിയാണ് അധികം പ്രധാനമായി കരുതിയിരുന്നതെന്ന് അവർ ആചരിച്ചും അനുഷ്ഠിച്ചും പോരുന്ന ഷോഡശക്രിയകൾ, സന്ധ്യാവന്ദനം, പഞ്ചയജ്ഞം മുതലായ വൈദികധർമ്മങ്ങളിൽനിന്നു ധാരാളം വെളിവാകുന്നതാണ്. ഇവരിൽ പലരും ജ്ഞാനം, ഭക്തി, കർമ്മം എന്നിങ്ങിനെയുള്ള മുക്തിമാർഗ്ഗങ്ങളിൽ ഓരോന്നിനെ പ്രമാണമാക്കി വെച്ചിരുന്നു എങ്കിലും പരക്കെ അപരിഹാര്യമായി സ്വീകരിച്ചിരുന്നതു കർമ്മകാണ്ഡത്തേയും അതിൽ തന്നെ നിഷ്കാമകർമ്മത്തേയുമാണെന്നു പറയാം. ഒരു നമ്പൂതിരിക്കു വെളുപ്പാൻകാലത്തെഴുന്നേറ്റാൽ പ്രാതഃസ്നാനം, സന്ധ്യാവന്ദനം, ആദിത്യനമസ്കാരം, സ്വാദ്ധ്യായം അല്ലെങ്കിൽ ബ്രഹ്മയജ്ഞം, മാദ്ധ്യാഹ്നികം മുതലായ നിത്യകർമ്മങ്ങളെക്കൊണ്ടുതന്നെ ഏകദേശം പകൽ പന്ത്രണ്ടു മണിവരെ സമയം കഴിക്കേണ്ടതായിട്ടാണിരിക്കുന്നത്. അതിന്റെ ശേഷം അതിഥികളുണ്ടെങ്കിൽ അവരെ ഊട്ടിയതിന്നു ശേഷം താൻ ഭക്ഷണം കഴിക്കുന്നു. അതു കഴിഞ്ഞാൽ പിന്നേയും അവക്കു വിശ്രമമില്ല. അദ്ധ്യയനം, അദ്ധ്യാപനം, ഗ്രന്ഥനിർമ്മാണം മുതലായ സദ്വിഷയങ്ങളെക്കൊണ്ടാണ് അവരുടെ പിന്നത്തെ കാലയാപനം. സന്ധ്യയാകുമ്പോഴക്കു പിന്നെയും കുളിക്കും തേവാരത്തിന്നുമുള്ള സമയമായി

കഴിയും. ഇങ്ങിനെ നോക്കിയാൽ ഇവൎക്ക വൈദികവൃത്തിയൊഴിച്ച മററു ലൌകികകാൎയ്യങ്ങളിൽ ഏൎപ്പെടുവാനുള്ള സമയം വളരെ കുറവാണെന്നു കാണാവുന്നതാണ്. കൎമ്മത്തിലുള്ള വൈകല്യത്തെ ഭയപ്പെട്ടു ദേശാന്തരയാത്രക്കൂടി ഇവർ നിഷിദ്ധമായിട്ടാണു വെച്ചിട്ടുള്ളത്. നമ്പൂതിരിമാരുടെ വാസസ്ഥലങ്ങൾ ഏൎപ്പെടുത്തിയിരുന്നത് ഏകോപിച്ച ഗ്രാമസമ്പ്രദായത്തിലൊ മറെറാ അല്ലാതെ അവിടവിടെ വിട്ടു വേർതിരിഞ്ഞായിരുന്നതിനാൽ അതും അവരുടെ ശുചിത്വത്തിന്നും വൈദികവൃത്തിക്കും വളരെ അനുകൂലമായിരുന്നിരിക്കണമെന്നുള്ളതിന്നു സംശയമില്ല. ഈ വിധം ലൌകികസുഖങ്ങളെല്ലാമുപേക്ഷിച്ച വൈദികവൃത്തിയെത്തന്നെ പരമപുരുഷാൎത്ഥമായി വിചാരിച്ചും, അനുഷ്ഠിച്ചും പോരുന്ന, ഒരു സമുദായത്തിന്റെ പരിശുദ്ധി, ശാന്തത, ക്ഷമ, സ്വാൎത്ഥപരിത്യാഗം മുതലായ ഗുണങ്ങൾ ഏതു നിലയിലായിരിക്കുമെന്ന് എല്ലാവൎക്കും ഒരുവിധം ഊഹിക്കാമല്ലൊ.

## വിദ്യാഭ്യാസം.

വിദ്യാഭ്യാസവിഷയത്തിലും നമ്പൂതിരിമാർ കാണിച്ചിരുന്ന ശ്രദ്ധ പ്രത്യേകം പ്രസ്താവയോഗ്യമാണ്. ഏകദേശം നാലു വയസ്സായാൽ ഒരെഴുത്തശ്ശനെ വെച്ചു തങ്ങളുടെ ഉണ്ണികൾക്കും പെൺകിടാങ്ങൾക്കും ഒരുപോലെ എഴുത്ത്, കണക്ക,

വായന മുതലായ പ്രാഥമികപാഠങ്ങളെല്ലാം പഠിപ്പിച്ചിരുന്നു. എന്നാൽ പെൺകിടാങ്ങൾക്ക് ഇതിലധികമായി വലിയ വിദ്യാഭ്യാസമൊന്നും കൊടുത്തിരുന്നു എന്നു തോന്നുന്നില്ല. അവരെ ശുശ്രൂഷ, പാചകവൃത്തി, ഗൃഹഭരണം മുതലായ കാര്യങ്ങളെ പ്രവൃത്തിച്ചുശീലിപ്പിക്കുന്നതിലായിരുന്നു നമ്പൂതിരിമാരുടെ ശ്രദ്ധ അധികം പതിഞ്ഞിരുന്നതെന്നു പറയാം. ഉണ്ണികളുടെ വിദ്യാഭ്യാസത്തിലാണ് അവർ വളരെ മനസ്സിരുത്തിയിരുന്നത്. ഉണ്ണികളുടെ അക്ഷരാഭ്യാസം കഴിഞ്ഞാൽ എട്ടാം വയസ്സിൽ ഉപനയനമായി. ഉപനയത്തിന്നുശേഷമേ അവരുടെശരിയായ വിദ്യാഭ്യാസമാരംഭിക്കുന്നുള്ളൂ. ഉപനയനം എന്ന വാക്കിൻെറ അർത്ഥം തന്നെ ഈയൊരു സംഗതിയെ തെളിയിക്കുന്നുണ്ട്. ആചാര്യൻെറ സമീപം നയിപ്പിക്ക എന്നാണല്ലൊ അതിൻെറ താല്പര്യം. സമാവർത്തനം കഴിയുന്നതുവരെ മിക്കവാറും വേദത്തിലെ സംഹിതാഭാഗമാണ് അദ്ധ്യയനം ചെയ്യുവാറുള്ളത്. ഈ കാലങ്ങളിൽ വിദ്യാഭ്യാസത്തിൻെറ ഒരു വിഭാഗമായ കായികസംസ്കാരവും സമ്പാദിച്ചിരുന്നു. ആദിത്യനമസ്കാരം മുതലായവയെക്കൊണ്ടാണ് ഈ ഒരുകാര്യം അവർ സാധിച്ചിരുന്നത്. സമാവർത്തനം കഴിഞ്ഞാൽ സ്വകുലദേവതാക്ഷേത്രങ്ങളിലും, ദേശക്ഷേത്രങ്ങളിലും, ഗ്രാമക്ഷേത്രങ്ങളിലും ഒരു പുഷ്പാ

കാലത്തേക്ക് ഭജിക്കണമെന്നാണ നിയമം. ആ കാലങ്ങളിൽ പദം, ക്രമം, ജട, രഥ മുതലായി വേദസംബന്ധമായ ഓരോ പ്രയോഗവിശേഷങ്ങളിൽ പരിചയം സമ്പാദിച്ചിരുന്നതിന്നു പുറമെ വേദത്തിന്റെ അൎത്ഥവിചാരവും അവിടെവെച്ചു നടത്തിയിരുന്നു. ഈ വക ഭജനങ്ങൾ അവസാനിക്കുന്നതോടുകൂടി അവരുടെ മദ്ധ്യമപാഠവും ഒരു വിധം അവസാനിച്ചുകഴിയും, പിന്നെ ഉയൎന്നതരം പാഠമായി. തൃശ്ശിവപേരൂർ തിരുനാവായമുതലായ യോഗസ്ഥലങ്ങൾ, സഭാമഠങ്ങൾ എന്നീ സ്ഥാപനങ്ങളെയാണ് ഉപരിപാഠത്തിന്നായി ഉപയോഗപ്പെടുത്തിയിരുന്നത്. ഇതിൽ യോഗസ്ഥലങ്ങളിൽ വേദത്തിനും, സഭാമഠങ്ങളിൽ ശാസ്ത്രങ്ങൾക്കുമായിരുന്നു പ്രാധാന്യം കൊടുത്തിരുന്നത്. സഭാമഠങ്ങളിൽ വെച്ചു കാവ്യനാടകാലങ്കാരങ്ങൾ, വൈദ്യം, ജ്യോതിഷം, തച്ചുശാസ്ത്രം, ശ്രുതിസ്മൃതിപുരാണേതിഹാസങ്ങൾ, തൎക്കം, വ്യാകരണം, മീമാംസ, വേദാന്തം, എന്നുവേണ്ട ഐഹികമായും പാരത്രികമായുമുള്ള എല്ലാ വിഷയങ്ങളേയും നമ്പൂതിരിമാർ ഉപക്രമിച്ചുനിലയിൽ പഠിച്ചു പാണ്ഡിത്യം സമ്പാദിച്ചിരുന്നു. ഇവരുടെ ഇടയിലുണ്ടായിരുന്ന പണ്ഡിതന്മാരുടെയും മഹാകവികളുടെയും പേരുകളും, അവർ എഴുതീട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങളും ഇതിന്നു ദൃഷ്ടാന്തമാണ്.

## കുടുംബജീവിതം

നമ്പൂതിരിമാരുടെ കുടുംബജീവിതത്തെസ്സംബന്ധിച്ചേടത്തോളം ഇക്കാലത്തെ നോട്ടത്തിൽ വല്ല ദോഷങ്ങളും കണ്ടേക്കാമെങ്കിലും പണ്ടത്തെക്കാലത്ത് അതു വളരെ വിശിഷ്ടമായ വിധത്തിലായിരുന്നു എന്നുള്ളതിന്നു സംശയമില്ല. അവരുടെ ഇല്ലങ്ങൾ ഒററക്കൊററയ്ക്കു വേർതിരിഞ്ഞ നിലയിലായിരുന്നു എങ്കിലും അതിലെ അംഗങ്ങൾ പാർത്തിരുന്നതു ഏകോപിച്ചു കൂട്ടുകുടുംബസമ്പ്രദായത്തിലായിരുന്നു. ഇവർ പ്രായേണ ഭൂമിഉടമസ്ഥന്മാരും, മക്കത്തായാചാരനടപടിയെ ആചരിച്ചുവരുന്നവരുമാണ്. പണ്ടു നമ്പൂതിരിക്കുടുംബങ്ങളിൽ ചിലവു വളരെ ചുരുക്കമായിരുന്നു.

എന്നാൽ അന്നദാനം, വസ്ത്രദാനം, അതിഥിസൽക്കാരം എന്നീ ധർമ്മകാര്യങ്ങൾക്കായി അവർ എന്തു ചിലവുചെയ്യാനും മടിച്ചിരുന്നില്ല. അന്നദാനത്തെ ഇത്ര വലിയ ധർമ്മമായി കരുതിപ്പോരുന്ന ഒരു വർഗ്ഗക്കാർ ഇന്നു ലോകത്തിൽ മറെറവിടെയെങ്കിലുമുണ്ടോ എന്നു വളരെ സംശയമാണ്. മൂത്ത പുത്രന്നു മാത്രമേ വിവാഹം നിർബ്ബന്ധമായിട്ടുണ്ടായിരുന്നുള്ളു. മററുള്ളവർ അധികവും ബ്രഹ്മചര്യത്തെയാണു ദീക്ഷിച്ചിരുന്നത്. അപൂർവ്വം ചിലർ സന്യാസവൃത്തിയേയും സ്വീകരിച്ചിരുന്നില്ലെന്നില്ല. ഇല്ലത്തെ കൈകാര്യം നടത്തുവാനുള്ള അ

ധികാരം കാരണവർക്കുമാത്രമുള്ളതാണ്. അപ്ഫ
ന്മാർ അധികവും അദ്ധ്യാപനവൃത്തിയിലും തപോ
വൃത്തിയിലുമാണ് ഏർപ്പെട്ടിരുന്നത്. അവർക്ക് ഗുരു
ദക്ഷിണയായും മറ്റും കിട്ടുന്ന സമ്പാദ്യം ഇല്ലത്തു
കൊണ്ടുവന്നുകൊടുത്തു കാരണവരെ കുടുംബഭരണ
വിഷയത്തിൽ സഹായിച്ചിരുന്നു. അന്തർജ്ജനങ്ങ
ളുടെ ധർമ്മം പാചകവൃത്തി, ഗൃഹഭരണം, ഗുരുശു
ശ്രൂഷ, ശിശുപരിപാലനം മുതലായവയാണ്.
പാതിവ്രത്യം വളരെ നിഷ്കർഷയോടെ പരിപാലിക്ക
പ്പെട്ടിരുന്നു. കന്യകമാരെ ഋതുവാകുന്നതിനു മുമ്പ്
വിവാഹം കഴിച്ചു കൊടുക്കണമെന്നുള്ള നിർബ്ബന്ധം
ഇവരുടെ ഇടയിൽ ഇല്ലാതിരുന്നതിനാൽ ശൈശ
വവിവാഹംകൊണ്ടുള്ള ദോഷത്തിന്നു വളരെ കുറ
വുണ്ടായിരിക്കണമെന്നതിന്നു സംശയമില്ല. ഇങ്ങി
നെ നമ്പൂതിരിമാരുടെ പണ്ടത്തെ കുടുംബജീവിതം
യാതൊരു ഛിദ്രമോ കലഹമൊ കൂടാതെ വളരെ
രഞ്ജിപ്പോടും സ്നേഹത്തോടും പരസ്പരസഹായ
ത്തോടും കൂടിയായിരുന്നു എന്നു മാത്രം ചുരുക്ക
ത്തിൽ പറഞ്ഞു ഈ വിഭാഗത്തെ ഇവിടെ കലാശി
പ്പിക്കാം.

## സമുദായസ്ഥിതി.

ഇവരുടെ സമുദായസ്ഥിതിയും വളരെ ആശാ
സ്യമായ വിധത്തിലായിരുന്നുവെന്നു പറയാം. ചി
ല്ലറയായ ചില കർമ്മഭേദങ്ങളെ അടിസ്ഥാനമാക്കി

ഇവർ ഓരോ ഭിന്നശാഖകളായി തിരിഞ്ഞിരുന്നു
എങ്കിലും, ഈ വക ഭേദങ്ങളെല്ലാം സാമുദായിക
ങ്ങളായ ഓരോ ആവശ്യങ്ങളേയും സൌകൎയ്യങ്ങളേ
യും ഉദ്ദേശിച്ചു മാത്രം ഉണ്ടായിട്ടുള്ളതായിരുന്നതി
നാൽ ഇതു നിമിത്തം ആഭിജാത്യതൎക്കങ്ങളൊ അ
ന്തഃഛിദ്രങ്ങളൊ ഒന്നും ഉണ്ടായിരുന്നില്ല. എന്നാ
ല്ല, ഒരു ശരീരത്തിലെ അവയവങ്ങൾപോലെ അ
ന്യോന്യം വളരെ സ്നേഹിച്ചും സഹായിച്ചും രഞ്ജി
പ്പോടുകൂടിയാണ കഴിഞ്ഞുകൂടിയിരുന്നത്. പി
ണ്ഡം, മാസം, ശ്രാദ്ധം, വേളി, യാഗം മുതലായ
ഓരോ അടിയന്തരാവസരങ്ങളിൽ ഇവർ തമ്മിൽ
അന്യോന്യം ചെയ്തുകൊടുക്കേണ്ടതായ പല ബാ
ദ്ധ്യതകളുമുണ്ടായിരുന്നു. അവയെ ആരെങ്കിലും
നിറവേറാതിരുന്നാൽ അതു വലിയ സമുദായവി
രോധമായിട്ടാണ് വെച്ചിരുന്നത്. ഈ വക സം
ഗതികൾ തേഞ്ഞുമാഞ്ഞിട്ടെങ്കിലും ഏറക്കുറെ ഇ
ന്നത്തെ നടവടിയിലും കണ്ടുവരുന്നുണ്ട്. ഇതി
ൻെറപുറമേ ത്രിസന്ധ, പഞ്ചസന്ധ, ഓത്തൂട്ട്, വാരം
മുതലായ വേദസത്രങ്ങളും, യോഗമഠങ്ങൾ, സഭാ
മഠങ്ങൾ, സന്ന്യാസിമഠങ്ങൾ, ഗ്രാമക്ഷേത്രം, ദേ
ശക്ഷേത്രം മുതലായ പൊതുസ്ഥാപനങ്ങളും വേറെ
ഒരുപ്രകാരത്തിൽ നമ്പൂതിരിമാരുടെ ഐകമത്യ
ത്തേയും സമുദായബന്ധത്തേയും തെളിയിക്കുന്നു
ണ്ടല്ലൊ.

## അന്യസമുദായക്കാരുമായുള്ള ഇരിപ്പ്.

അന്യസമുദായക്കാരുമായുള്ള ഇരിപ്പും ഇവരുടെ ഇടയിൽ വളരെ തൃപ്തികരമായിരുന്നു. കേരളത്തിലെപ്പോലെ ഇത്ര വളരെ ജാതികളും ഓരോ ജാതികൾ തമ്മിലുള്ള പരസ്പരാശ്രയവും ഇന്നു വേറെ ഏതു രാജ്യത്തുമുണ്ടെന്നു തോന്നുന്നില്ല. എല്ലാ ജാതക്കാൎക്കും നമ്പൂതിരിയെ ആശ്രയിക്കാതെ കഴിയില്ലെങ്കിൽ നമ്പൂതിരിക്കു ഇതരജാതിക്കാരുടെ സഹായവും അതുപോലെ ഒഴിച്ചുകൂടാത്തതാകുന്നു. എന്നാൽ, പണ്ടു ഉൗവക ബന്ധങ്ങളെ അനുസരിച്ചു ചെയ്യേണ്ടതായ എല്ലാ കൃത്യങ്ങളേയും അതാതു ജാതിക്കാർ വളരെ ശ്രദ്ധയോടുകൂടി സ്വധൎമ്മബുദ്ധ്യാ നിറവേററിയിരുന്നു. ഇന്നത്തെപ്പോലെ സ്വസമുദായോൽക്കഷ്ത്തിനുവേണ്ടി അന്യസമുദായത്തെ ഇടിച്ചു താഴ്ത്തുന്ന സമ്പ്രദായം പണ്ടുണ്ടായിരുന്നില്ല. ഒരു മാതാവിൻെറ സന്തതികളെന്ന നിലയിൽ വളരെ സൌഹാൎദ്ദത്തോടും സഹോദരഭാവത്തോടുംകൂടിയാണു് പണ്ടിവിടെ എല്ലാ സമുദായക്കാരും അന്യോന്യം വൎത്തിച്ചുവന്നിരുന്നതു്. ഒരു കാലത്തു നമ്മുടെ മാതൃഭൂമി വിദേശീയരെക്കൂടി ആകൎഷിക്കത്തക്കവണ്ണം ഐശ്വൎയ്യത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചിരുന്നു എന്നുള്ള ചരിത്രം വാസ്തവമാണെങ്കിൽ, അതു് ഈയൊരു കാലത്താണെന്നു പറഞ്ഞാൽതന്നെ പ്രകൃതവിഷയത്തെ സംബന്ധി

ച്ചേടത്തോളം പണ്ടത്തെ സ്ഥിതി ഏറെക്കുറെ ഊഹിക്കാമല്ലൊ. നമ്പൂതിരിമാരുടെ മക്കൾ, നമ്പൂതിരിമാരുടെ ശിഷ്യന്മാർ എന്നിങ്ങിനെ ഏതെങ്കിലും ഒരു വിധത്തിൽ നമ്പൂതിരിമാരുമായി ബന്ധമില്ലാത്ത ഒരു ജാതിക്കാർ ഇന്നു മലയാളത്തിൽ ഉണ്ടോ എന്നുതന്നെ സംശയമാണ്. ഈവക സംഗതികളാൽ അന്യസമുദായക്കാരുമായുള്ള നമ്പൂതിരിമാരുടെ പെരുമാററം ഏതുവിധത്തിലായിരുന്നു എന്നു ഏകദേശം മനസ്സിലാക്കാമല്ലൊ.

## ആചാരപരിഷ്കാരം.

ആചാരപരിഷ്കാരത്തിലും നമ്പൂതിരിമാർ ഒരിക്കലും വിമുഖന്മാരായിരുന്നില്ല. പൂർവ്വാചാരങ്ങളുടെ മൂലതത്വങ്ങൾക്കു വിരോധം വരാത്ത വിധത്തിൽ സ്വധർമ്മരക്ഷക്കും സമുദായശ്രേയസ്സിന്നും വേണ്ടി കാലോചിതമായ എല്ലാ പരിഷ്കാരങ്ങളും പണ്ടുള്ളവർ ചെയ്തിരുന്നു എന്നുള്ളതിന്നു പല ലക്ഷ്യങ്ങളുമുണ്ട്. ആദ്യത്തെ ശ്രീപരശുരാമന്റെ ആചാരവ്യവസ്ഥയും, പിന്നീടു ശ്രീശങ്കരാചാര്യസ്വാമികൾ അതിനെ ഉടച്ചുവാർത്തു പുതുക്കിയതും പ്രസിദ്ധമാക്കിട്ടുള്ള കാര്യമാണല്ലൊ. നമ്പൂതിരിമാർ ഇന്നും ആദരവോടെ സ്വീകരിച്ചുപോരുന്ന സപ്പാരാധന, മുമ്പിൽ കുടുമ, കൂട്ടുകുടുംബസമ്പ്രദായം, എന്നിവയെല്ലാം പൂർവ്വന്മാരുടെ ആചാരപരിഷ്കാരത്തെയല്ലെ തെളിയിക്കുന്നത്? ഇങ്ങിനെ ആലോ

ചിക്കുന്നതായാൽ നമ്പൂതിരിമാരുടെ പുരാതനമായ ജീവിതസമ്പ്രദായം എത്രയൊ പരിശുദ്ധവും പരിഷ്കൃതരീതിയിലുള്ളതുമായിരുന്നു എന്നുള്ളതു പ്രത്യക്ഷപ്പെടുന്നതാണ്.

## ഇപ്പോഴത്തെ സ്ഥിതി

എന്നാൽ അടുത്ത കാലത്തു ഈവക സമ്പ്രദായങ്ങൾക്കെല്ലാം ഒട്ടിളക്കം തട്ടീട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ശുചിത്വം, വൈദികവൃത്തി, വിദ്യാഭ്യാസം എന്നിവയെല്ലാം കേവലം മൂഢപരമ്പരയാ ഒരുവിധം നടത്തിവരുന്നുണ്ടെന്നല്ലാതെ അവയ്ക്കു വല്ല അർത്ഥങ്ങളോ, ഉദ്ദേശങ്ങളോ, ഉപയോഗങ്ങളോ ഉണ്ടെന്നു ധരിച്ചിട്ടുള്ളവർകൂടി ഇക്കാലത്തു നമ്പൂതിരിമാരുടെ ഇടയിൽ വല്ലവരുമുണ്ടോ എന്നു വളരെ സംശയമാണ്. ശുചിത്വത്തിന്റെ കാര്യത്തിൽ ദേഹം, വസ്ത്രം, ഭക്ഷണം, ഗൃഹം എന്നീ എല്ലാ സംഗതികളിലും നമ്പൂതിരിമാരുടെ ഇന്നത്തെ സ്ഥിതി പണ്ടത്തേക്കാൾ വളരെ പരുങ്ങലായിത്തീർന്നിട്ടുണ്ടെന്നു പറയാൻ ഞാൻ ഒട്ടും മടിക്കുന്നില്ല. എന്നാൽ ഭക്ഷണസംഗതിയിൽ ശുചിത്വത്തേക്കാൾ മററു ചില നിയമങ്ങളെ അനുസരിക്കായ്കകൊണ്ടുള്ള ദോഷമാണ് അധികം കണ്ടുവരുന്നത്. ഇതിനെപ്പററി രണ്ടു വാക്കു ഇവിടെ പറയുന്നതിൽ ആരും പരിഭവിക്കയില്ലെന്നു വിശ്വസിക്കുന്നു.

പൂർവ്വന്മാർ ഭക്ഷിപ്പാൻവേണ്ടി ജീവിച്ചിരുന്നവരല്ല; ജീവിക്കാൻവേണ്ടി ഭക്ഷിക്കുക എന്നായിരുന്നു അവരുടെ നിശ്ചയം. രണ്ടു നേരത്തെ ഊണുമാത്രമല്ലാതെ ഇന്നത്തെപ്പോലെ വയറിന്നു യാതൊരു വിശ്രമവും കൊടുക്കാതെ കൂടക്കൂടെ കാപ്പിയും പലഹാരവുമായി കണ്ണിൽകണ്ട സാധനങ്ങളെല്ലാം കണക്കിലധികം കടത്തിവിട്ടു ദേഹത്തിന്നു കേടുവരുത്തുന്ന സമ്പ്രദായം പണ്ടുണ്ടായിരുന്നില്ല. എന്നല്ല, ആരോഗ്യരക്ഷയെ ഉദ്ദേശിച്ച് ഉപവാസം, ഒരിക്കൽ മുതലായ പട്ടിണിയെക്കൂടി അവർ പണ്ടു വൈദികനിയമങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. നമസ്കാരം മുതലായ വ്യായാമങ്ങളിലും അമാന്തമുണ്ടായിരുന്നില്ല. എന്നാൽ ഇന്നത്തെ സ്ഥിതി ഇതിൽനിന്നെല്ലാം വളരെ ഭേദപ്പെട്ടിരിക്കുന്നു എന്നു പറയാതെ കഴികയില്ല. ഇപ്പോൾ ഊണിനേക്കാൾ കാപ്പിക്കാണ് പ്രാധാന്യം. ഊണ് ഒരു സമയം ഉപേക്ഷിച്ചാലും വലിയ വൈഷമ്യമൊന്നുമില്ല; കാപ്പിയില്ലെങ്കിൽ ദിവസം കഴികയില്ല. കാലത്തു കാപ്പി, ഉച്ചക്കു കാപ്പി, എടനേരം കാപ്പി, അത്താഴത്തിന്നു ശേഷം കാപ്പി എന്നുവേണ്ട തലങ്ങും വിലങ്ങും കാപ്പിതന്നെ എന്നു പറഞ്ഞാൽ മതിയല്ലൊ. നമസ്കാരത്തിൻ്റെ കഥ വീണാലും മലന്നേ വീഴ എന്നു പറഞ്ഞ മട്ടിലായിരിക്കുന്നു. ഇങ്ങിനെ ദഹനത്തിന്നിടകൊടുക്കാതെ കൂടെക്കൂടെ

ഓരോന്ന തിന്നം കുടിച്ചും, യാതൊരു വ്യായാമവും ചെയ്യാതെ വെറുതെ ഇരുന്നും ഇന്നത്തെ ആളുകൾ ദേഹത്തിന്ന എത്രയാണ കേടുവരുത്തിക്കൂട്ടുന്ന തെന്ന പറഞ്ഞാലവസാനിക്കയില്ല. ആഹാരസംബന്ധമായ ശുചിത്വത്തിൻെറ പ്രകൃതത്തിൽ ഈ യൊരു സംഗതിയെക്കുറിച്ച ഇത്രയും പ്രസ്താവിച്ച എന്നേയുള്ളു. ഇനി പ്രകൃതത്തിലേക്കുതന്നെ പ്രവേശിക്കാം.

ആന്തരശുചിയെ ഉദ്ദേശിച്ച ഏൎപ്പെടുത്തീട്ടുള്ള വൈദികകൎമ്മാനുഷ്ഠാനങ്ങളും കേവലം ബാഹ്യചേഷ്ടമാത്രമായി കലാശിച്ചിരിക്കുന്നു. ഗായത്രിയുടെ അൎത്ഥംതന്നെ നിശ്ചയമുള്ള ഒരു നമ്പൂതിരിയെ ഇന്ന കാണ്മാൻ കഴിയുമെന്ന തോന്നുന്നില്ല. വിദ്യാഭ്യാസത്തിന്നുള്ള ഏൎപ്പാടുതന്നെ മുക്കാലേമുണ്ടാണിയും നശിച്ച കഴിഞ്ഞിരിക്കുന്നു. വല്ലതും ശേഷിച്ചിട്ടുണ്ടെങ്കിൽ അതു വെറും കാണാപ്പാഠത്തിലും വാക്യാൎത്ഥകോലാഹലത്തിലുമായി പൎയ്യവസാനിച്ചു. കുടുംബത്തിലേയ്ക്കു കടന്നുനോക്കിയാലുള്ള കാഴ്ച എത്രയൊ കഷ്ടമായിട്ടുള്ളതാണ്. പണ്ടു കുടുംബത്തിലുള്ള അംഗങ്ങൾ അന്യോന്യം സ്നേഹിച്ചും സഹായിച്ചും വളരെ രഞ്ജിപ്പോടുകൂടിയാണ് കഴിഞ്ഞുകൂടിയിരുന്നതെന്നു മുമ്പു പറഞ്ഞുവല്ലൊ. എന്നാൽ ഇപ്പോൾ നേരെ മറിച്ച കീരിയും പാമ്പും പോലെ ആയിത്തീൎന്നിട്ടുണ്ടെന്ന പറയേണ്ടിവന്ന

തിൽ വ്യസനിക്കുന്നു. പണ്ടത്തെ കുടുംബസമ്പ്രദായത്തിൽ സ്വാൎത്ഥപരിത്യാഗമാണു വിളയാടിക്കൊണ്ടിരുന്നത്. എന്നാൽ ഇന്നു ആ സ്ഥാനത്തു സ്വാൎത്ഥത്തിന്റെ അധികാരം പ്രബലപ്പെട്ടിരിക്കുന്നു. കാരണവന്മാർ കൂട്ടുസ്വത്തിനെ സ്വാൎത്ഥമായി ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ അതിനെ ആക്ഷേപിക്കുന്ന അനന്തരവന്മാരുടെ ഉദ്ദേശവും കേവലം സ്വാൎത്ഥലാഭംതന്നെ. ഇതു നിമിത്തം അനാവശ്യമായ ചിലവുകളും കൂട്ടുസ്വത്തിന്നു വലുതായ നാശവും വന്നു കൂടുന്നു. കുടുംബസ്ഥിതിതന്നെ ഇങ്ങിനെയിരിക്കെ സമുദായസ്ഥിതിയേയൊ, അന്യസമുദായക്കാരുമായുള്ള സ്ഥിതിയേയൊ, ആചാരപരിഷ്കാരത്തേയൊ കുറിച്ചു വിശേഷിച്ചു പറയേണമെന്നില്ല. നമ്പൂതിരിമാരുടെ പണ്ടത്തെ പരിശുദ്ധമായ ജീവിതസമ്പ്രദായം പോയി അതു ഇന്നു എത്രയൊ മലിനമായിത്തീൎന്നിരിക്കുന്നുവെന്നു മാത്രം ചുരുക്കത്തിൽ ധരിച്ചാൽ മതിയാകും.

ഇതിന്നുള്ള കാരണങ്ങൾ.

ഇനി ഇതിന്നുള്ള കാരണങ്ങളെക്കുറിച്ച് അല്പമൊന്ന് ആലോചിക്കാം. കാരണങ്ങൾ ഓരോന്നായിപ്പറയുന്നതായാൽ വളരെയൊക്കെ പറയുവാനുണ്ടാകാമെങ്കിലും അവയെല്ലാം ചുരുക്കി ഒരൊററ വാക്കുകൊണ്ടു പറയുന്നതായാൽ കാലോചിതമായി പ്രവൎത്തിക്കുന്നതിലുള്ള വൈമുഖ്യം ഒന്നുമാത്രമാ

ണെന്നാണ പറയാനുള്ളത്. പണ്ടത്തെക്കാലമല്ല ഇത്; പല ഭേദങ്ങളും വന്നുകൂടീട്ടുണ്ട്. പണ്ടു ഹിന്തുധമ്മശാസ്ത്രപ്രകാരം നാട്ടുരാജാക്കന്മാരാണ കേരളത്തെ ഭരിച്ചിരുന്നത്. രാജഭാഷ സംസ്കൃതമായിരുന്നു വണ്ണാശ്രമധമ്മങ്ങളെ നടത്താൻ അന്നുയാതൊരു ബുദ്ധിമുട്ടും ഉണ്ടായിരുന്നില്ല. നികുതികൊടുക്കേണ്ടഭാരവും വളരെ ചുരുക്കമായിരുന്നു. എന്നാൽ ഇന്നത്തെ ഭരണം ബ്രിട്ടീഷ് ആധിപത്യത്തിലാണ്. നിയമമെല്ലാം ജാതിമതഭേദംകൂടാതെ സവ്വസാധാരണമാകയാൽ വണ്ണാശ്രമധമ്മങ്ങളെ നടത്താൻ വളരെ പ്രയാസമായിത്തീന്നിരിക്കുന്നു. രാജഭാഷ ഇംഗ്ലീഷാണ്. നികുതി നിർബ്ബന്ധമായിരിക്കുന്നു. ചിലവു വേറെയും വളരെ വദ്ധിച്ചിട്ടുണ്ട്. പണ്ടു സംബന്ധംതന്നെ വളരെ അപൂവ്വം; ഉണ്ടെങ്കിൽത്തന്നെ ചിലവു വളരെ ചുരുക്കം. എന്നാൽ ഇന്നു ഭാൎയ്യാപുത്രന്മാരെ പരിഷ്കൃതരീതിയിൽ പരിപാലിക്കേണ്ട ഭാരം നിർബ്ബന്ധമായി വന്നുകൂടിയിരിക്കുന്നു. പണ്ടു സ്വന്തം ചിലവു വളരെ ചുരുങ്ങിയമാതിരിയിലായിരുന്നു. എന്നാൽ ഇപ്പോൾ കാപ്പി, സോപ്പ്, തൊപ്പി, കുപ്പായം മുതലായത് ഒഴിച്ചുകൂടാത്തതായിത്തീന്നിട്ടുണ്ട്. ഇങ്ങിനെ നോക്കുന്നതായാൽ പണ്ടത്തെക്കാൾ പല സംഗതികളിലും ഇന്നു ഭേദഗതികൾ വന്നുകൂടീട്ടുണ്ടെന്നു കാണാം. ഇത് ആരുടേയും കുററമല്ല. കാ

ലത്തിന്റെ ധൎമ്മമാണ്. അതിനെ ആൎക്കും അനുസരിക്കാതെ കഴികയുമില്ല. അതിനെ അനുസരിക്കാതെ ഇരുന്നതാണു നമ്പൂതിരിസമുദായത്തിന്റെ അധഃപതനത്തിനുള്ള മുഖ്യകാരണം. പൂൎവ്വന്മാരായ നമ്പൂതിരിമാർ അതിനെ ശരിയായറിഞ്ഞു പ്രവൎത്തിച്ചിരുന്നതിനാൽ അവർ കേരളത്തിൽ മററെല്ലാ സമുദായക്കാരെക്കാളും പ്രാധാന്യം വഹിച്ചിരുന്നു. എന്നാൽ ഇന്നു നായന്മാർ, ഈഴവർ, പുലയർ മുതലായി നമ്പൂതിരിമാരെക്കാൾ താണജാതിക്കാരെന്നു വിചാരിച്ചുവരുന്നവരൊക്കെ കാലോചിതമായി പ്രവൎത്തിച്ചുതുടങ്ങിയിരിക്കുന്നു. അതിനാൽ അവർ ഇന്ന് നമ്പൂതിരിമാരെക്കാൾ ഉയൎന്ന സ്ഥിതിയിൽ എത്തിത്തുടങ്ങീട്ടുമുണ്ട്. നമ്പൂതിരിമാർ മാത്രം പഴയ നടവടിയെ വിടുന്നതിലും പുതിയ നടവടിയെ സ്വീകരിക്കുന്നതിലും വൈമനസ്യം കാണിക്കുകനിമിത്തം അവരുടെ പ്രാധാന്യമെല്ലാം പോയി; മററുള്ളവരുടെ അടിമകളായിത്തീരേണ്ടി വന്നിരിക്കുന്നു. ഇങ്ങിനെ കുറച്ചുകാലംകൂടി കഴിഞ്ഞാൽ നമ്പൂതിരിമാരുടെ സ്ഥിതി കേവലം കഥാമാത്രമായി കലാശിക്കുമെന്നുള്ളതിന്നു സംശയമില്ല അതുകൊണ്ടു ഇനിയെങ്കിലും നമ്പൂതിരിമാർ ഒന്നുണൎന്നു കാലോചിതമായി ചിലതെല്ലാം പ്രവൎത്തിക്കേണ്ട കാലം വളരെ അതിക്രമിച്ചിരിക്കുന്നു.

**കാലോചിതമായ ചില പരിഷ്കാരങ്ങൾ.**

---

വിദ്യാഭ്യാസമാണ് എല്ലാ ശ്രേയസ്സുകൾക്കും

മൂലകാരണമെന്നു പറയേണ്ടതില്ലല്ലൊ. അതു് ഈ കാലത്തു ഇംഗ്ലീഷു വിദ്യാഭ്യാസംതന്നെ ആയിരിക്കയും വേണം. ഇംഗ്ലീഷു രാജഭാഷയാണു്; രാജനിയമങ്ങളെല്ലാം അതിലാണു്. നിത്യോപയോഗമുള്ള വ്യവസായവിഷയങ്ങളും അതിൽതന്നെയാണു് അടങ്ങീട്ടുള്ളതു്. എന്നുവേണ്ട, കോടതികളിലും, കോളേജുകളിലും, കച്ചേരികളിലും, കച്ചവടസ്ഥലങ്ങളിലും, തീവണ്ടി ആപ്പീസ്സുകളിലും, പൊതുജനയോഗങ്ങളിലും, എന്തിനധികം പറയുന്നു, നാലാൾ കൂടുന്ന ദിക്കുകളിലെല്ലാം ഈയൊരു ഭാഷയാണു് സകല ജാതിക്കാരും ലൌകികവ്യവഹാരങ്ങൾക്കായി ഉപയോഗപ്പെടുത്തിവരുന്നതു്. ഇതിന്നും പുറമെ ഇത്ര പ്രചാരമുള്ളതും ഇത്ര പ്രമേയങ്ങളടങ്ങീട്ടുള്ളതുമായ ഒരു ഭാഷ ഇന്നു ലോകത്തിൽ എവിടെയുമില്ല. ഇന്നു ഈ ഭാഷയുടെ പ്രചാരം നിമിത്തം ലോകം മുഴുവൻ ഒരു കുടുംബത്തിലെ അംഗങ്ങൾ എന്നപോലെ പരസ്പരസംസർഗ്ഗം ചെയ്തും സ്നേഹിച്ചുമാണു് കഴിഞ്ഞുകൂടുന്നതു്. ലോകത്തിലുള്ള സാഹിത്യം മുഴുവൻ ഈയൊരു ഭാഷയിൽ അടങ്ങീട്ടുണ്ടു്. നമ്പൂതിരിമാരെ പ്രത്യേകം സംബന്ധിക്കുന്ന വേദവേദാംഗങ്ങളുടെ അർത്ഥം എളുപ്പത്തിൽ മനസ്സിലാക്കണമെങ്കിൽകൂടി ഇപ്പോൾ ഈയൊരു ഭാഷയുടെ സഹായം അത്യാവശ്യമായിത്തീർന്നിരിക്കുന്നു.

ഇങ്ങിനെ എല്ലാംകൊണ്ടും ആദരിക്കേണ്ടതും, എല്ലാവരും ആദരിച്ചുപോരുന്നതുമായ ഒരു ഭാഷ നമ്പൂതിരിമാൎക്കു മാത്രം ആവശ്യമില്ലെന്നു ശഠിക്കുന്നതാണെങ്കിൽ, ഇയ്യിടെ ഒരാൾ പറഞ്ഞപ്രകാരം കേരളത്തിൽ അവൎക്കുള്ള അവകാശബാദ്ധ്യതകളൊക്കെ വിറ്റു വല്ല കാട്ടിലോ ദ്വീപുകളിലോ പോയി താമസിക്കുകയാണു നല്ലത്. പക്ഷെ വിഷയഭോഗേച്ഛ അവരെ അതിന്നു അനുവദിക്കുമെന്നു തോന്നുന്നില്ല. അതുകൊണ്ടു ഇനിയെങ്കിലും ഈവക മൎക്കടമുഷ്ടിയെല്ലാം വിട്ടു കാലോചിതമായ പരിഷ്കാരങ്ങളിൽ ഏൎപ്പെടാതിരുന്നാൽ അവൎക്കു കേരളത്തിലുണ്ടായിരുന്ന പൂജ്യതയെല്ലാം കേവലം പൂജ്യമായിത്തന്നെ കലാശിക്കുമെന്നതിന്നു സംശയമില്ല.

എന്നാൽ ഈ പ്രകൃതത്തിൽ സംസ്കൃതവിദ്യാഭ്യാസത്തെ ഒരിക്കലും നമ്പൂതിരിമാർ നിസ്സാരമാക്കി തള്ളരുതെന്നുള്ള സംഗതി കൂടി പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു. ഒന്നാമത് അതാണ് അവരുടെ കുലധൎമ്മം. രണ്ടാമതു മതം, സാഹിത്യം എന്നീ വിഷയങ്ങൾ ഇത്ര ഉന്നതനിലയിൽ എത്തീട്ടുള്ള ഭാഷ ഇന്നു ലോകത്തിൽ വേറെ ഇല്ലെന്നു തന്നെ പറയാം. പിന്നെ ഹിന്തുക്കളുടെ പുരാതനമാഹാത്മ്യം, പ്രാചീനചരിത്രം എന്നിവയെ അറിയുകയോ അതിനെ പുനൎജ്ജീവിപ്പിക്കുകയോ ചെയ്യു

നതിന്നു ഈയൊരു ഭാഷയുടെ സഹായം ഒഴിച്ചുകൂടാത്തതാകുന്നു. അതിനാൽ നമ്പൂതിരിമാർ വേദം, സംസ്കൃതം മുതലായതു പഠിക്കുന്നതിൽ ഒരിക്കലും ഉദാസീനത കാണിക്കാൻ പാടുള്ളതല്ല. എന്നാൽ ഇപ്പോഴത്തെസമ്പ്രദായത്തിൽ തത്തകൾസംസാരിക്കുംപോലുള്ള വിദ്യാഭ്യാസംകൊണ്ടു വലിയ പ്രയോജനമൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല. വേദം പഠിക്കുന്നതു അൎത്ഥത്തോടുകൂടി തന്നെ ആയിരിക്കണം. ശാസ്ത്രങ്ങൾ പഠിക്കുമ്പോൾ അതിലെ തത്വങ്ങൾ ഗ്രഹിക്കണം ബുദ്ധിസംസ്കാരമാണു വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമെങ്കിൽ അതു വെറും കാണാപ്പാഠംകൊണ്ടോ, വാദകോലാഹലംകൊണ്ടോ ഒരിക്കലും സാധിക്കുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. അതുകൊണ്ടു വേദം, സംസ്കൃതം മുതലായവയുടെ അഭ്യാസകാൎയ്യത്തിൽ ഇപ്പോഴത്തെ സമ്പ്രദായം വിട്ടു ഇങ്ങിനെ ചില പരിഷ്കാരങ്ങൾകൂടി വരുത്തേണ്ടതാണെന്നു ഇപ്പോൾ പല യോഗ്യന്മാൎക്കും അഭിപ്രായമുള്ളതോടുകൂടി ഞാനും യോജിച്ചുകൊള്ളുന്നു.

മലയാളഭാഷയുടെ കാൎയ്യവും ഈ അവസരത്തിൽ വിസ്മരിക്കാൻ പാടുള്ളതല്ല. മററു ഭാഷകളിൽ എത്രതന്നെ പഠിപ്പും പാണ്ഡിത്യവുമുണ്ടായാലും അവയെല്ലാം നാം മാതൃഭാഷ വഴിക്കാണ് വിചാരിച്ചും, സംസാരിച്ചും, എഴുതിയും മററും സാ

ധാരണ ഉപയോഗപ്പെടുത്തിവരാറുള്ളത്. അതു കൊണ്ടു മാതൃഭാഷയിൽ പരിചയമില്ലെങ്കിൽ നമ്മുടെ അറിവിന്റെ പ്രകാശം വളരെ കുറഞ്ഞുപോകുമെന്നും അറിവുകൊണ്ടുള്ള പ്രയോജനം വളരെ ചുരുങ്ങിപ്പോകുമെന്നും പറയേണ്ടതില്ലല്ലൊ. എന്നുതന്നെയല്ല സ്വജനം, സ്വദേശം, സ്വസമുദായം, സ്വമതം മുതലായവയെപ്പോലെ അത്ര പ്രതിപത്തിയോടു കൂടിയാണ് ഇന്നു സ്വഭാഷയെ ആളുകൾ വിചാരിച്ചുവരുന്നത്. സ്വഭാഷ, ഇംഗ്ലീഷു, സംസ്കൃതം എന്നീ മൂന്നു ഭാഷകളിലും ചുരുങ്ങിയ കറിവെങ്കിലുമില്ലാത്ത ഒരുവനെ ഇന്നത്തെ ലോകം സാധാരണ ഒരു മനുഷ്യന്റെ കൂട്ടത്തിൽ ഗണിക്കുകതന്നെയില്ല. എന്നാൽ ബുദ്ധിശക്തിയും ധനശക്തിയും ധാരാളമുള്ള നമ്പൂതിരിമാൎക്ക് ഈ ഒരു കാൎയ്യം സാധിപ്പാൻ ഒട്ടും പ്രയാസമുണ്ടെന്നു തോന്നുന്നില്ല. അതിന്നായി ഒരുങ്ങുക മാത്രമെ വേണ്ടതുള്ളൂ.

ഈ കൂട്ടത്തിൽതന്നെ പെൺകിടാങ്ങളുടെ വിദ്യാഭ്യാസത്തെക്കുറിച്ചും രണ്ടുവാക്കു പറയണമെന്നു വിചാരിക്കുന്നു. അവരെ തല്ക്കാലം ഇംഗ്ലീഷും, സംസ്കൃതവും മററും പഠിപ്പിക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. സ്വഭാഷ മാത്രം പഠിച്ചാൽ മതി. എഴുത്തു, കണക്കു, വായന മുതലായ പ്രാഥമിക പാഠങ്ങൾക്കു പുറമെ അവൎക്കു പ്രത്യേകം ആവശ്യമു

ള്ള ഗൃഹഭരണം, പാചകവൃത്തി, ശിശുപരിപാലനം, ശുചീകരണം, ബാലചികിത്സ, പ്രസവചികിത്സ എന്നീ വിഷയങ്ങളും, ഭക്തിമാൎഗ്ഗങ്ങൾ സദാചാരോപദേശങ്ങൾ എന്നിവ അടങ്ങീട്ടുള്ള പുരാണഭാഗങ്ങളും അവരെ പ്രത്യേകം പഠിപ്പിക്കേണ്ടതാണ്.

## കുടുംബഭരണം

കുടുംബഭരണവിഷയത്തെക്കുറിച്ചും കുറച്ചെങ്കിലും പ്രസ്താവിക്കാതെ കഴികയില്ല. നമ്പൂതിരികുടുംബങ്ങളെ സംബന്ധിച്ചേടത്തോളം ഉള്ള ദോഷങ്ങളിൽ വളരെ മുഖ്യമായ ഒന്നാകുന്നു അതിന്റെ ഭരണസംബന്ധമായ ചില ദോഷങ്ങൾ. ഭരണവിഷയത്തിൽ കാരണവൎക്കുള്ള അധികാരം ഇപ്പോൾ വളരെ അതിര കവിഞ്ഞും, ശേഷമുള്ളവൎക്കു യാതൊരു അധികാരമൊ സ്വാതന്ത്ര്യമൊ ഇല്ലാതെയുമാണല്ലൊ ഇരിക്കുന്നത്. അനന്തരവന്മാരുടെ അഭിപ്രായം അറിയേണ്ട ആവശ്യംതന്നെ കാരണവൎക്കു ഇല്ലാതെയാണ് ഇപ്പോഴത്തെ സ്ഥിതി. ഇതു നിമിത്തം കാരണവരുടെ പ്രവൃത്തി പലപ്പോഴും സ്വാൎത്ഥപ്രധാനമായിത്തീരുകയുംതന്മൂലം കുടുംബത്തിൽ ദാരിദ്ര്യവും നാശവും വന്നുകൂടുകയും ചെയ്യുന്നതു ഒട്ടും അപൂൎവ്വമായിട്ടുള്ളതല്ല. എന്നാൽ ഇതിൽ കാരണവരെ കുററപ്പെടുത്തീട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല; ഇതു അധികവും ഭരണനിയമത്തി

ന്റെ ദോഷമാണ്. പലരുടേയുംകൂടിയ ഒരു വസ്തുവിന്മേൽ ഒരാൾക്കു മാത്രം ഇങ്ങിനെ അതിരുകവിഞ്ഞ അധികാരവും, സ്വാതന്ത്ര്യവും ഉണ്ടെന്നുവന്നാൽ എത്രതന്നെ സന്മാർഗ്ഗധീരനായിരുന്നാലും ആയാളുടെ സ്വഭാവം ഒന്നു മാറിപ്പോകുന്നതിൽ അത്ര അത്ഭുതപ്പെടുവാനില്ല. പണ്ടു സ്നേഹവും മേലുകീഴും മററും ഉണ്ടായിരുന്നതിനാൽ ഈ ഒരു സമ്പ്രദായം അത്ര ദോഷത്തെ ചെയ്തിരുന്നില്ലെന്നു മാത്രമല്ല, വളരെ ഗുണകരവുമായിരുന്നു. എന്നാൽ ഇന്നു ഈവക ഗുണങ്ങളെല്ലാം പോയി സ്വാതന്ത്ര്യത്തിന്നു പ്രാധാന്യം വന്നുകൂടിയിരിക്കകൊണ്ടു കുടുംബഭരണവിഷയത്തിൽ കാരണവരുടെ അധികാരത്തിന്ന് എന്തെങ്കിലും ചില വ്യവസ്ഥകൾ ചെയ്യുന്നതു കുടുംബക്ഷേമത്തിന്ന് അത്യാവശ്യമായിട്ടുള്ളതാണെന്നാണ് തോന്നുന്നത്.

## നമ്പൂതിരിമാരുടെ ചിലവ്.

നമ്പൂതിരിമാരുടെ ചിലവിന്റെ സംഗതിയും ഈ അവസരത്തിൽ വിസ്മരിക്കാൻ പാടുള്ളതല്ല. വരവു ചുരുങ്ങിയും ചിലവു വർദ്ധിച്ചുമാണ് അവരുടെ ഇപ്പോഴത്തെ സ്ഥിതി. പരിഷ്കൃതരീതിയിലുള്ള ജീവിതസമ്പ്രദായം കൊണ്ടും, സാധനങ്ങളുടെ വില വർദ്ധിക്കകൊണ്ടും മററു നിത്യച്ചിലവു, വിശേഷച്ചിലവ്, എന്നീവക ചിലവുകൾ നിവൃത്തിപ്പാൻ വളരെ പ്രയാസമായിത്തീർന്നിരിക്കുന്നു. എന്നാൽ

വരവിന്നുള്ള വഴിയോ യാതൊന്നുമില്ല താനും. അന്യസമുദായക്കാൎക്കു ഉദ്യോഗം, കൃഷി, കച്ചവടം മുതലായി ഉപജീവനത്തിന്നു പലമാൎഗ്ഗങ്ങളും ഉണ്ട്. എന്നാൽ നമ്പൂതിരിമാൎക്കു പുരാതനമായ ഭൂസ്വത്തോ, ഏറിയാൽ ശാന്തിയോ, പ്രതിഗ്രഹമോ മാത്രമല്ലാതെ വേറെ യാതൊരു വഴിയുമില്ല. എന്നുതന്നെയല്ല, ഭൂമിയിൽ നിന്നും മറ്റുമുള്ള വരവു തന്നെ പല സംഗതികളാലും പണ്ടത്തേക്കാൾ വളരെ ചുരുങ്ങിയുമിരിക്കുന്നു. ഈ സ്ഥിതിക്കു പൂരം വാരം മുതലായ ആഡംബരച്ചിലവുകളും, കാപ്പി, സോപ്പു മുതലായ സുഖവൃത്തിക്കുള്ള ചിലവുകളും പാടുള്ളെടത്തോളം ഒന്നു ചുരുക്കുകയോ ആദായത്തിന്നുള്ള പുതിയ വല്ല മാൎഗ്ഗങ്ങളിലും ഏൎപ്പെട്ടു തുടങ്ങുകയോ ചെയ്യാഞ്ഞാൽ നമ്പൂതിരിമാരുടെ ജീവിതം വളരെ കഷ്ടമായിത്തീരുമെന്നുള്ളതിന്നു സംശയമില്ല.

## ആചാരപരിഷ്കാരം.

ആചാരപരിഷ്കാരത്തെക്കുറിച്ചാണ് ഇനി ചിലതെല്ലാം പറവാൻ പോകുന്നത്. ഇതിൽ വേളിയുടെ കാൎയ്യം വളരെ പ്രധാനമായിട്ടുള്ളതാകുന്നു. ഇല്ലത്തെ മൂത്ത പുത്രൻ മാത്രമെ വിവാഹം ചെയ്യുള്ളൂ എന്നുള്ള നിശ്ചയം പണ്ടുണ്ടാവാൻ പല കാരണങ്ങളും ഉണ്ട്. ഒന്നാമത്തു പണ്ടു നമ്പൂതിരി സമുദായത്തിൽ സ്ത്രീകളുടെ സംഖ്യ വളരെ കുറവാ

യിരുന്നു. കൂട്ടസ്വത്തു ഭാഗിച്ചു ഛിന്നഭിന്നമായി നശിച്ചു പോകാൻ പാടില്ലെന്നും കരുതീട്ടുണ്ടാവാം. പിന്നെ വിഷയാസക്തി നമ്പൂതിരിമാരിൽ ഇക്കാലത്തെപ്പോലെ ഉണ്ടായിരുന്നില്ലെന്നും വിചാരിക്കാം. അതിനാൽ ഈയൊരു സമ്പ്രദായം അക്കാലത്തേക്ക് ഒരുവിധം പററിയിരുന്നു എന്നുതന്നെ പറയാം. എന്നാൽ ഇന്നു ഈ വക സംഗതികളിൽ പ്രകൃതമെല്ലാം മാറിയിരിക്കുന്നു.

എത്ര പെൺകിടാങ്ങളാണ് ഇരുന്നു നരച്ചു തങ്ങളുടെ ജീവിതത്തെ വെറുത്തും ശപിച്ചും കാലം കഴിക്കുന്നത്! സ്ത്രീധനസംഖ്യയുടെ വർദ്ധന നിമിത്തം എത്ര തറവാടുകളാണ് കടംപിടിച്ചു നശിക്കാറായിട്ടുള്ളത്. വിഷയാസക്തിയും നമ്പൂതിരിമാരെ അതിരു കടന്നു ബാധിച്ച് എന്തെല്ലാം വിധത്തിലാണ് ബുദ്ധിമുട്ടിക്കുന്നത്. അതിനാൽ മുതലിന്റെ രക്ഷയേയോ മററോ ഉദ്ദേശിച്ച് ഏർപ്പെടുത്തിട്ടുള്ള ഈയൊരു സമ്പ്രദായം നേരെമറിച്ച് അതിനു ഹാനികരമായിട്ടാണ് ഇപ്പോൾ വന്നു കൂടീട്ടുള്ളതെന്നു പറയേണ്ടിയിരിക്കുന്നു. എന്നല്ല, നമ്പൂതിരിമാരുടെ സന്തതികളെല്ലാം അന്യസമുദായത്തിന്റെ പുഷ്ടിക്കായിത്തീർന്നിരിക്കുന്നതിനു പുറമെ അവരുടെ മുതലും അതിൽത്തന്നെ ചെന്നു ലയിക്കുകയാണ് ചെയ്യുന്നത്. ഈ വിധത്തിൽ സ്വത്തിന്റെ നാശം, സംഘബലത്തിന്റെ കുറവ്, ആരോ

ഗൃഹഛിദ്രം, സ്വകുടുംബൈശ്വൎയ്യത്തിന്റെ അഭാവം, ഓരോ തറവാടുകളുടേയും ഉന്മൂലനാശം എന്നിങ്ങിനെ പല ദോഷങ്ങളും ഈയ്യൊരു സമ്പ്രദായം നിമിത്തം നമ്പൂതിരിസമുദായത്തിൽ ഇപ്പോൾ ധന്യമായിട്ടുണ്ട്. ഇതിൽ വളരെ ഒന്നും ആലോചിക്കേണ്ടതില്ല. തങ്ങളുടെ സഹോദരിമാരുടെ സങ്കടം ഒന്നുമാത്രം ആലോചിച്ചാൽ മതി. അവരും നമ്മെപ്പോലെ പ്രകൃതിധൎമ്മത്തെ ആശ്രയിച്ചു ജീവിക്കുന്ന ഒരുതരം പ്രാണികൾ തന്നെയാണ്. അല്ലാതെ യാതൊരു ചൈതന്യവും ഇല്ലാത്ത വെറും വീട്ടുസാമാനങ്ങളൊ മറ്റൊ അല്ല. ധനം ജീവിതത്തിൽ കഴിച്ചുകൂടാത്തതു തന്നെ. എന്നാൽ അതൊന്നിനു മാത്രം വേണ്ടി അതിൽ എത്രയോ ശ്രേഷ്ഠമായ ദാമ്പത്യധൎമ്മത്തെ ബലി കഴിക്കുന്നതു മനുഷ്യസ്വഭാവത്തിനു ചേൎന്നതാണെന്നു തോന്നുന്നില്ല. സന്തതിയില്ലാതെ സമ്പത്തുകൊണ്ടെന്താണ് പ്രയോജനം? അതുകൊണ്ട് ഈ ഒരൊറ്റ സംഗതി വിചാരിച്ചെങ്കിലും നമ്പൂതിരിമാർ വിവാഹകാൎയ്യത്തിൽ ചില പരിഷ്കാരങ്ങൾ ചെയ്യാൻ വളരെ വൈകിയിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം.

നമ്പൂതിരിമാരുടെ പരാശ്രയസ്ഥിതി.

ഇനി ഒന്നു പറയാനുള്ളതു ശൂദ്രർ മുതലായ അന്യജാതിക്കാർ അവരവർ നടത്തേണ്ടതായ കൃ

ത്യങ്ങളെ നടത്തിക്കൊടുക്കാത്തതിനാൽ നമ്പൂതിരിമാക്ക് നേരിട്ടിരിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചാണ്. പക്ഷേ, തെക്കൻദിക്കുകാക്കാണ് തൽക്കാലം ഈ വക ഉപദ്രവങ്ങൾ വന്നുതുടങ്ങീട്ടുള്ളത്. എങ്കിലും കാലക്രമംകൊണ്ടു ഈവക ഉപദ്രവങ്ങൾ വടക്കോട്ടും കടന്നു തുടങ്ങുമെന്നുതന്നെ വിചാരിക്കണം. ഇപ്പോൾ എല്ലാവരും സ്വാതന്ത്ര്യത്തെ മോഹിക്കുന്ന കാലമാണ്. പണ്ടത്തെപ്പോലെ അടിമപ്രവൃത്തികളും മററുംമേലിൽഅധികകാലത്തോളം നടത്താൻ കഴിയുമെന്നു തോന്നുന്നില്ല. അതുകൊണ്ടു പുരാശ്രയം കഴിയുന്നതും ചുരുക്കി വെക്കുന്നത് അത്യാവശ്യമായിട്ടുള്ളതാണ്. ഇങ്ങിനെ ഏതാനും ചിലസംഗതികളാണ് തൽക്കാലം നമ്പൂതിരിമാരുടെ ദൃഷ്ടിയിൽ പതിയേണ്ടതായിട്ടുള്ളതെന്നാണ് എന്റെ താഴ്മയായ അഭിപ്രായം. ഇതിന്നുംപുറമെവേറെയും സമുദായപരിഷ്കാരസംബന്ധമായ പല സംഗതികളും പറയേണ്ടതായിട്ടില്ലെന്നില്ല. പക്ഷെ ഇപ്പോൾതന്നെ പ്രബന്ധം വിചാരിച്ചതിലധികം ദീൎഘിച്ചുപോയതുകൊണ്ടും, കാലോചിതമായ വിദ്യാഭ്യാസത്തോടുകൂടി ആവക പരിഷ്കാരങ്ങളെല്ലാം താനെ വന്നു ചേരുന്നതാകയാലും, തൽക്കാലം അതുകളെ വിസ്തരിപ്പാൻ തുനിയുന്നില്ല.

ഇത്രയും പ്രസ്താവിച്ചതിൽനിന്നും, നമ്പൂതിരിമാരുടെ പുരാതനമായ ജീവിതസമ്പ്രദായം വള

രെ നല്ല നിലയിലായിരുന്നു എന്നും, ഇപ്പോൾ അതു വളരെ ദുഷിച്ചു പോയിട്ടുണ്ടെന്നും, അതിനുള്ള നിവൃത്തിമാൎഗ്ഗങ്ങൾ ഇന്നിന്നവയാണെന്നും ഒരുവിധം അറിവാനിടയായിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

## ഉപസംഹാരം.

ഒടുവിൽ രണ്ടുവാക്കു കൂടി ഇവിടെ പറഞ്ഞ് ഈ പ്രബന്ധം അവസാനിപ്പിക്കാം. നമ്പൂതിരിമാർ ഓരോ പരിഷ്കാരങ്ങൾ ഏൎപ്പെടുത്തുമ്പോൾ ഒരു കാൎയ്യം പ്രത്യേകം സൂക്ഷിക്കണം. പരിഷ്കാരം അവരുടെ പരിശുദ്ധമായ പഴയ ജീവിതമാതൃകക്കു ഒരിക്കലും കേടു പററുന്ന വിധത്തിലായിപ്പോകരുത്; ഇപ്പോഴത്തെ ശ്രമമെല്ലാം അതിനെ രക്ഷിക്കുവാൻ വേണ്ടി മാത്രമാണെന്നുള്ള വിചാരം എപ്പോഴും ഉണ്ടായിരിക്കണം. പരിശുദ്ധി, ശാന്തത മുതലായ ആത്മീയഗുണങ്ങളാണ് നമ്പൂതിരിമാരുടെ ജീവിതോദ്ദേശ്യമെന്ന് അവരുടെ പുരാതനജീവിതസമ്പ്രദായത്തെക്കുറിച്ചുള്ള വിവരണത്തിൽ നിന്നു ഒരുവിധം മനസ്സിലാക്കുവാനിടയായിട്ടുണ്ടല്ലോ. ആ ഉദ്ദേശത്തെ സാധിക്കുവാൻ കേവലം പഴയ സമ്പ്രദായപ്രകാരം കാലംകൊണ്ടു കുറെ ബുദ്ധിമുട്ടായിത്തീൎന്നിട്ടുള്ളതിനാൽ അതിനെ നിൎത്തി വെക്കുവാൻ പുതുതായി ചില മാൎഗ്ഗങ്ങളെല്ലാം അന്വേഷിക്കേണ്ടതായി വന്നിരിക്കുന്നു എന്നുമാത്രമല്ലാതെ പരിഷ്കാരങ്ങളൊന്നും പഴയ ജീവിതോദ്ദേശത്തെ ക

രിക്കലും ബാധിച്ചു പോകരുത്. അങ്ങിനെ വന്നു പോയാൽ അത് 'എലിയെക്കൊല്ലാനില്ലം ചുട്ടുന്ന്' മാതിരിയായിത്തീരുമെന്നു പ്രത്യേകം ഓൎമ്മവെക്കണം. വിദ്യാഭ്യാസത്തിന്റെ രീതിയെ അനുസരിച്ചാണ് ഒരു ജനസമുദായത്തിന്റെ ഗുണദോഷങ്ങളെല്ലാം ഇരിക്കുന്നതെന്നും, അതിന്റെ രീതി നന്നായാൽ സമുദായത്തിന്നു ഗുണവും, ചീത്തയായാൽ ദോഷവുമാണ് ഫലമെന്നും പറയേണ്ടതില്ലല്ലോ. ഇപ്പോഴത്തെ ഇന്ത്യയിലെ വിദ്യാഭ്യാസസമ്പ്രദായംതന്നെ ഇതിന്നുദാഹരണമാണ്. പാശ്ചാത്യവിദ്യാഭ്യാസസമ്പ്രദായത്തെ ഒന്നായി പകൎത്തെടുക്കുക നിമിത്തം ഇന്ത്യക്കു വലിയ ദോഷം തട്ടീട്ടുണ്ടെന്നുള്ള അഭിപ്രായം ഇന്ത്യക്കാരായ പല മഹാന്മാരിൽ നിന്നും ഇപ്പോൾ പുറപ്പെട്ടു തുടങ്ങിയിരിക്കുന്നു. ഇതിന്റെ ഫലമായിട്ടാണല്ലോ ഹിന്ദുകോളേജ്, ഗുരുകുലവിദ്യാലയം, ശാന്തിനികേതനം മുതലായ സ്ഥാപനങ്ങൾ ഉണ്ടായിട്ടുള്ളത്. അതുകൊണ്ടു നമ്പൂതിരിമാരുടെ വിദ്യാഭ്യാസസമ്പ്രദായം ഒരിക്കലും അവരുടെ പഴയ ജീവിതമാതൃകക്കു വിരോധമായി വരരുതെന്നു പിന്നെയും പിന്നെയും ഞാനിവിടെ ബലമായി പറഞ്ഞുകൊള്ളുന്നു. ഇംഗ്ലീഷു വിദ്യാഭ്യാസവും, പാശ്ചാത്യപരിഷ്കാരവുമെല്ലാം കാലംകൊണ്ട് ആവശ്യം തന്നെ. പക്ഷെ അതു താൽക്കാലികമായ സുഖത്തേയും, സൌകൎയ്യ

ത്തേയുമാണ് അധികം ഉണ്ടാക്കിത്തീക്കുന്നത്. എന്നാൽ അതല്ലാ മനുഷ്യന്റെ പരമോദ്ദേശ്യം; ശാശ്വതമായ സുഖവും സമാധാനവുമാണ്. അതിനുള്ള വഴി നമ്പൂരിരിമാരുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ നല്ലവണ്ണം വെട്ടിത്തുറന്നിരിക്കണം. ഐഹികവും, പാരത്രികവുമായ രണ്ടു കാൎയ്യങ്ങൾക്കും വിരോധം കൂടാത്ത വിധത്തിൽ ഒരു വിദ്യാഭ്യാസമാതൃകയെ സൃഷ്ടിച്ച് അതിനെ പ്രചാരത്തിൽ വരുത്തി നമ്പൂതിരിമാർ കേരളത്തിൽ പണ്ടുണ്ടായിരുന്ന പ്രാധാന്യത്തെ പുനൎജ്ജീവിപ്പിക്കുവാനാണ് അവർ ശ്രമിക്കേണ്ടതെന്നു മാത്രാ ചുരുക്കത്തിൽ പറഞ്ഞ് ഈ പ്രബന്ധം ഇവിടെ അവസാനിപ്പിക്കുന്നു.

ഞാനിപ്രസ്താവിച്ചിട്ടുള്ളതിൽ ഇപ്പോൾ പലരക്കെ പറഞ്ഞുവരുന്ന ഏതാനും ചില സംഗതികൾ മാത്രമല്ലാതെ പുതുതായ വല്ല കാൎയ്യങ്ങളും ഉണ്ടെന്നു വിചാരിക്കുന്നില്ല. എന്നാൽ പൊതുജനാഭിപ്രായത്തെ ഒന്നു ബലപ്പെടുത്തുവാനൊ, അങ്കുരിപ്പിപ്പാനൊ ഈ പ്രബന്ധം ഉപകാരമായിത്തീരുമെങ്കിൽ അത്രമാത്രംകൊണ്ടു ഞാൻ കൃതാൎത്ഥനുമായി.

## ൮. നമ്പൂതിരിമാരുടെ
### ആചാരനിഷ്ഠയും, ആരോഗ്യവും.

ആരോഗ്യമാണ് ഒരു സമുദായത്തിന്റെ ജീവൻ. വിദ്യാഭ്യാസം, ധനസമ്പാദനം, മറ്റു സമുദായകാൎയ്യങ്ങൾ ഇവയെല്ലാം ആ സമുദായത്തിന്റെ ആരോഗ്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. വീൎയ്യവും ഓജസ്സുമെല്ലാം ക്ഷയിച്ചു കേവലം മൃതപ്രായമായ ഒരു സമുദായത്തെക്കൊണ്ടു ലോകത്തിൽ എന്തൊരു കാൎയ്യമാണ് ചെയ്യുവാൻ കഴിയുന്നത്? അതുകൊണ്ടു സാമുദായികകാൎയ്യങ്ങളിൽ മറ്റെല്ലാ സംഗതികളേക്കാൾ ആരോഗ്യത്തിന്നാണു പ്രാധാന്യം കൊടുക്കേണ്ടത് എന്നതിന്ന് സംശയമില്ല.

മുൻകാലങ്ങളിൽ നമ്പൂതിരിമാർ ഇന്നത്തേക്കാൾ വളരെ അധികം ആരോഗ്യമുള്ളവരായിരുന്നു. ദേഹാദ്ധ്വാനം ചെയ്യുന്നതിന്നും, മനഃക്ലേശം സഹിക്കുന്നതിന്നും അവൎക്ക് യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ദേഹണ്ണം, പരികൎമ്മം, ശാന്തി എന്നിങ്ങിനെ അധികമായ ദേഹാദ്ധ്വാനം വേണ്ടിവരുന്ന പ്രവൃത്തികളെല്ലാം പണ്ടു നമ്പൂതിരിമാർ തന്നെയാണ് ചെയ്തു പോന്നിരുന്നത്. പട്ടന്മാരേയും എമ്പ്രാന്തിരിമാരേയും മറ്റും ആശ്രയിച്ചു തുടങ്ങിയത് ഈ അടുത്ത കാലത്താണ്. നാലു

ണക്ക വേണ്ടി നാലു കാതമല്ല, അതിലധികവും വഴി നടക്കുവാൻ നമ്പൂതിരിമാക്ക് ഒരു കൂസലുമില്ലായിരുന്നു ഒരു മാസത്തിൽ വ്രതോപവാസാദികളെക്കൊണ്ടു 'ഇരുപത്തെട്ടു പട്ടിണിയും രണ്ടേകാദശിയും' ആയിട്ടാണിവർ കഴിഞ്ഞിരുന്നതെന്നു തന്നെ പറയാം. ശീതോഷ്ണങ്ങളുടെ ശക്തി അവക്ക് ശൈശവം മുതൽക്കേ പരിചയമാണ്. ചില്ലറയായ ശല്യങ്ങളൊക്കെ, സങ്കടങ്ങളൊക്കെ അവരുടെ മനസ്സിനെ ഇളക്കുവാൻ ഒരിക്കലും കഴിഞ്ഞിരുന്നില്ല. ചുരുക്കി പറയുന്നതായാൽ കായികമായും, മാനസികമായുമുള്ള ശക്തി പണ്ടുള്ളവക്ക ധാരാളമുണ്ടായിരുന്നു എന്നു പറഞ്ഞാൽ മതിയല്ലൊ. എന്നാൽ ഇന്നത്തെ ചെറുപ്പക്കാരുടെ കഥ വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. അല്ലെങ്കിലും അദ്ധ്വാനിപ്പാനോ, സങ്കടങ്ങൾ സഹിപ്പാനോ തീരെ ശേഷിയില്ലാത്തവരാണ് ഇന്നത്തെ ആളുകളിൽ അധികഭാഗവും. വെളിച്ചമാകുമ്പോഴക്കും കാപ്പി കിട്ടിയില്ലെങ്കിൽ പ്രാണൻ പൊയ്പ്പോകും. വണ്ടി കൂടാതെ ഒരടി വെപ്പാൻ വയ്യ. നാഴിയരി വെച്ചു കഴിക്കണമെങ്കിൽ പരാശ്രയം വേണം. കുറച്ചു തണുപ്പോ, ചൂടോ തട്ടുമ്പോഴക്കും ജലദോഷമായി, പനിയായി, തലവേദനയായി. എന്തെല്ലാം ഉപദ്രവങ്ങളാണെന്നു പറഞ്ഞാൽ അവസാനമില്ല. അടക്കവും ഒതുക്കവും ഇന്നത്തെ ഉണ്ണിനമ്പൂതിരിമാക്ക് എത്രകണ്ടു

ണ്ടെന്നു പറയേണ്ടതില്ലല്ലോ. ഇതാണ് ഇപ്പോഴത്തെ സ്ഥിതി.

ഇതിന്നുള്ള കാരണം പലതും പറയാനുണ്ടാകും. ശീതോഷ്ണസ്ഥിതിക്കു കാലംകൊണ്ടു വളരെ വ്യത്യാസം വന്നിട്ടുണ്ട്. അതാണ് ഇതിന്നുള്ള കാരണമെന്നു ചിലരും, അതല്ല, പോഷണകരങ്ങളായ ആഹാരങ്ങൾ ശീലിക്കായ്കയാലാണെന്നു വേറെ ചിലരും, ഗൃഹസ്ഥാശ്രമത്തിലുള്ള നിഷ്ഠക്കുറവാണെന്നു മൂന്നാമതൊരു കൂട്ടരും, ഇതൊന്നുമല്ല, സൃഷ്ടിയിൽപ്പെട്ട സകലവസ്തുക്കൾക്കും — സസ്യങ്ങൾക്കും ജന്തുക്കൾക്കും മനുഷ്യനും എല്ലാം — കാലക്രമം കൊണ്ടു വളൎച്ചയും ശക്തിയുമെല്ലാം ക്ഷയിച്ചു വരുന്നുണ്ടെന്നും, അതാണ് ഇതിന്നുള്ള കാരണമെന്നും വേറെ ഒരു വകക്കാരും ഇങ്ങിനെ പലരും പലാഭിപ്രായങ്ങളും പറയുന്നുണ്ട്. ഇതിലെല്ലാം ഏറക്കുറെ വാസ്തവമുണ്ടെന്നുള്ളതിന്നും സംശയമില്ല. എന്നാൽ ഇവിടെ പറയാൻ പോകുന്ന കാരണം ഇതൊന്നുമല്ല; ശീലത്തിന്റെ, അല്ലെങ്കിൽ ദിനചൎയ്യയുടെ ഭേദമാണ് ഇതിന്നുള്ള പ്രധാനമായ കാരണം എന്നാണ്. നമുക്കു നിയമേന ആചരിക്കേണ്ടതിന്നു മതസംബന്ധമായും, കുടുംബസംബന്ധമായും സമുദായസംബന്ധമായും ചില വ്യവസ്ഥകളെല്ലാം നമ്മുടെ പൂൎവ്വന്മാർ ചെയ്തു വെച്ചിട്ടുണ്ട്. ഈ വക വ്യവസ്ഥകളെല്ലാം വൈദ്യവിധിയും,

വൈദികവിധിയും തമ്മിൽ യോജിപ്പിച്ചുകൊണ്ടാണ് ഏർപ്പെടുത്തീട്ടുള്ളത്. പ്രാതഃസ്നാനംകൊണ്ടു ദേഹശുദ്ധിയും മനഃപ്രസാദവുമുണ്ടാകുന്നു. ആദിത്യനമസ്കാരം ദേഹദാർഢ്യത്തേയും, സങ്കല്പശക്തിയേയും വർദ്ധിപ്പിക്കുന്നു. വ്രതോപവാസാദികൾ ഉദരശുദ്ധിയേയും, ഇന്ദ്രിയനിഗ്രഹത്തേയും ഉണ്ടാക്കിത്തീർക്കുന്നു. ഗുരുശുശ്രൂഷ, അതിഥിപൂജ മുതലായവയെല്ലാം സ്വാത്മത്യാഗം, അദ്ധ്യാത്മശീലം മുതലായവയെ ഉണ്ടാക്കുന്നു. ഇങ്ങിനെ നോക്കുന്നതായാൽ നമ്മുടെ എല്ലാ കൃത്യങ്ങൾക്കും ശരീരത്തെ സംബന്ധിച്ചും, മനസ്സിനെ സംബന്ധിച്ചും വല്ലതായ പ്രയോജനശക്തി ഉണ്ടെന്നു കാണാം. നമ്മുടെ പൂർവ്വന്മാർ ഇവയെല്ലാം ശരിയായി അനുഷ്ഠിച്ചു പോന്നിരുന്നതിനാൽ അതിന്റെ ഫലമായി എത്രയെങ്കിലും ദേഹാദ്ധ്വാനം ചെയ്യുവാനും, ഏതു സങ്കടങ്ങളേയും സഹിപ്പാനും എന്നുവേണ്ട, ബാഹ്യമായും ആഭ്യന്തരമായുമുള്ള സകല പ്രകൃതികളേയും എതിർത്തു ജയിപ്പാനുള്ള ശക്തി അവർക്കു സ്വതസ്സിദ്ധമായി തീർന്നതിൽ അത്ഭുതപ്പെടുവാനില്ല.

എന്നാൽ ഇപ്പോഴൊ, നമുക്ക് ഈ വക ആചാരാനുഷ്ഠാനങ്ങളിൽ ശ്രദ്ധ വളരെ കുറഞ്ഞിരിക്കുന്നു. വിഷയസുഖമാണ് നമ്മെ ബലമായി ആകർഷിക്കുന്നത്. സുഖമായി ഉണ്ണണം, ഉറങ്ങണം, മുറുക്കണം, വെടി പറയണം, എപ്പോഴും കാപ്പി കു

ടിക്കണം ഇതൊക്കെയാണ് ഇന്നത്തെ നമ്മുടെ ഉൽകൃഷ്ടമായ ജീവിതകൃത്യങ്ങൾ. ഇതുകൊണ്ടൊക്കെ മനസ്സിന്നു തൃപ്തിയോ, ദേഹത്തിന്നു ബലമോ ഉണ്ടാകുന്നില്ലെന്നു മാത്രമല്ല, ദേഹത്തിന്നും, ഇന്ദ്രിയങ്ങൾക്കും, മനസ്സിന്നും ഉള്ള ശക്തികളെല്ലാം ക്ഷയിച്ചു പോകയും ചെയ്യുന്നു. സൂക്ഷ്മത്തിൽ ഇപ്പോൾ നമ്മൾക്കു യാതൊരു സ്വശക്തിയുമില്ല. ഊണിന്നടിമ, ഉറക്കത്തിന്നടിമ, കാപ്പികുടിക്കടിമ ഇങ്ങിനെ സൎവ്വത്തിന്നും അടിമതന്നെ. ഇതിനെല്ലാം കാരണം മറ്റൊന്നുമല്ല. ശീലത്തിന്റെ ഭേദം ഒന്നു മാത്രമാണ്. പണ്ടുള്ളവർ അദ്ധ്വാനിച്ചും കഷ്ടപ്പെട്ടും ശീലിച്ചു. അതിനാൽ അവൎക്കു എന്തു ക്ലേശവും സഹിക്കാറായി. ഇന്നുള്ളവർ സുഖമായി ശീലിച്ചു അതുകൊണ്ടു നമുക്കു സങ്കടങ്ങളൊന്നും അശേഷം സഹിപ്പാൻ വയ്യാതാവുകയും ചെയ്തു. എന്നുതന്നെയല്ല, ബുദ്ധിമുട്ടിശ്ശീലിച്ചതുകൊണ്ടു പണ്ടുള്ളവൎക്കു സുഖത്തിന്നുള്ള വഴി വളരെ സുലഭമായിരുന്നു. നേരേ മറിച്ച് ഇന്നുള്ളവരുടെ മോഹവും പ്രയത്നവുമെല്ലാം സുഖത്തിനാണെങ്കിലും അതു കിട്ടുന്നതു വളരെ അപൂൎവ്വമായും കഷ്ടാശിച്ചു. ആഡംബരം ആവശ്യമായിത്തീൎന്നാൽ പിന്നെ സുഖമെവിടെ? എന്നും സദ്യയായിട്ടാണ ഭക്ഷണമെന്നിരിക്കട്ടെ. കുറെ കഴിയുമ്പോൾ അതിലുള്ള പുതുമയും രുചിയുമെല്ലാം കുറഞ്ഞു കേവലം ഒരു അരോ

ചകിയെപ്പോലെയായിത്തീരുകയും അതിലും വിശേഷമായ വട്ടങ്ങൾ കൂട്ടുവാൻ നിവൃത്തിയില്ലാതായിത്തീരുകയും ചെയ്യുന്നതു സ്വാഭാവികമാണല്ലോ.

ഇത്രയും പറഞ്ഞതുകൊണ്ടു ആചാരാനുഷ്ഠാനങ്ങൾക്കും, ആരോഗ്യത്തിന്നും തമ്മിൽ വളരെ സംബന്ധമുണ്ടെന്നും, അതുകൊണ്ട് ആരോഗ്യത്തെ നിലനിൎത്താൻ വിചാരിക്കുന്നപക്ഷം ആചാരത്തെ സംരക്ഷിക്കുവാനാണ നാം ഒന്നാമതായി ശ്രമിക്കേണ്ടതെന്നും ഒരുവിധം വന്നുവല്ലോ. എന്നാൽ പൂൎവ്വാചാരങ്ങൾ മുഴുവൻ കണ്ണടച്ചു വിശ്വസിച്ച് അനുഷ്ഠിച്ചുകൊള്ളണമെന്നാണ് എന്റെ അഭിപ്രായമെന്ന് ആരും തെററിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. നമ്മുടെ നടവടികളിലെല്ലാം ശരീരത്തെസ്സംബന്ധിച്ചും, മനസ്സിനെസ്സംബന്ധിച്ചും ചില തത്വങ്ങൾ അടങ്ങീട്ടുണ്ട്. ആ വക തത്വങ്ങളെ ഒന്നും വിടാതെ കാലോചിതമായ വിധത്തിൽ ഇവയെ സംരക്ഷിക്കണമെന്നു മാത്രമാണ് ഇവിടെ പറഞ്ഞതിന്റെ അൎത്ഥം.

എന്നാൽ ഇന്നത്തെ ചെറുപ്പക്കാർ ഈവക സംഗതികൾ മനസ്സിലാക്കീട്ടുതന്നെ ഉണ്ടെന്നു തോന്നുന്നില്ല. നേരത്തെ കുളി, തേവാരം, കുടുംബജോലി മുതലായ കൃത്യങ്ങൾ നടത്തുന്നതു കുറച്ചു പോരായ്കയാണോ എന്നുകൂടി ചിലൎക്ക് സംശയമുള്ളതുപോലെ തോന്നുന്നു. കാപ്പി കുടിച്ചും, യോഗ

ക്ഷേമപക്ഷമാണെന്നു വരുത്തുവാൻ വേണ്ടി കാരണവന്മാരെ ചീത്ത പറഞ്ഞും, കഴുത്തിന്മേൽ വാച്ചു കെട്ടിയും, വായനയും മററുമൊന്നുമില്ലെങ്കിലും ഒരു കടലാസ്സോ, പുസ്തകമോ കയ്യിൽ ധരിച്ചും യാതൊരു ചുമതലയും കൂടാതെ തെക്കുവടക്ക് അലഞ്ഞു തിരിയുന്നതാണത്രെ ഇന്നത്തെ വലിയ പുരുഷാർത്ഥം: ചാത്തം മുതലായ ക്രിയകൾക്കുകൂടി കാലത്തു കാപ്പി കുടിക്കാത്തവരെ കിട്ടുവാൻ വളരെ പ്രയാസമായി തീൎന്നിരിക്കുന്നുവെന്നു ചില കാരണവന്മാർ പറയുന്നതിൽ വലിയ തെററുണ്ടെന്നു തോന്നില്ല.

എന്നാൽ സൂക്ഷ്മം ആലോചിക്കുമ്പോൾ ഇതിൽ ആരേയും കുററം പറഞ്ഞിട്ടു കാൎയ്യമില്ല. പണ്ടത്തെ വിദ്യാഭ്യാസവും, ഗുരുകുലവാസവും, ബ്രഹ്മചൎയ്യവുമെല്ലാം നാമമാത്രമായി തീൎന്നതാണ് ഇതിനെല്ലാം കാരണം. ശരിയായ ബ്രഹ്മചൎയ്യത്തെ പുനൎജ്ജീവിപ്പിച്ചല്ലാതെ ഇതിന്ന് ഒരിക്കലും പരിഹാരമുണ്ടാകുന്നതല്ല. ഇന്നത്തെ ബ്രഹ്മചൎയ്യം കേവലം മുണ്ടു ചിററാതെ നടക്കുന്നതിലും, പൂണുൽ, കൃഷ്ണാജിനം, മേഖല ഇവ ധരിക്കുന്നതിലും മാത്രമായി കലാശിച്ചിരിക്കുന്നു. എന്നാൽ ഇവയെല്ലാം ബ്രഹ്മചൎയ്യത്തിൻെറ ബാഹ്യചിഹ്നങ്ങൾ മാത്രമേ ആകുന്നുള്ളുവെന്നു നാം മനസ്സിലാക്കുവാൻ വൈകിയിരിക്കുന്നു. ഒരു ഉത്തമനായ ഗുരുവിനെ

ആശ്രയിച്ച്, അദ്ദേഹത്തെ ശ്രദ്ധാപൂൎവ്വം ശുശ്രൂഷിച്ച്, അദ്ദേഹത്തിന്റെ ഉപദേശം അനുസരിച്ച ദേഹത്തിന്നു ദാർഢ്യവും, സ്വഭാവത്തിന്നു സ്ഥിരതയും, ബുദ്ധിക്കു വികാസവും സമ്പാദിക്കുകയാണു ശരിയായ ബ്രഹ്മചൎയ്യം. ക്ഷീണിച്ചു കിടക്കുന്ന നമ്മുടെ സമുദായത്തിന്നു വീൎയ്യവും, ഓജസ്സും, ശക്തിയും ഉണ്ടാവണമെങ്കിൽ ബ്രഹ്മചൎയ്യത്തെ വീണ്ടും നല്ല നിലയിൽ കൊണ്ടുവരികതന്നെ വേണം. ഈ ഒരു കാൎയ്യം നമ്മുടെ പുതിയ പാഠശാലതന്നെ കയ്യേററു വിജയകരമായ വിധത്തിൽ നിൎവ്വഹിക്കുമെന്നു വിശ്വസിക്കുന്നു.

## ൯. നമ്പൂതിരിമാരുടെ
## അതിഥിസൽക്കാരം.

നാം സഹജീവികളോട് ആചരിക്കേണ്ട ധൎമ്മങ്ങളിൽ വളരെ മുഖ്യമായ ഒന്നാകുന്നു അതിഥിസൽക്കാരം. ഹിന്തുക്കൾ പ്രാചീനകാലം മുതൽക്കേ ഇതിന്നു വളരെ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. ജാതിമതഭേദം കൂടാതെ സകലൎക്കും ഒരുപോലെ ആതിത്ഥ്യം ചെയ്തു സന്തോഷിപ്പിക്കുന്ന ഒരു രാജ്യമാണു ഭാരതഖണ്ഡമെന്നു പണ്ടേക്കുപണ്ടേ ലോകപ്രസിദ്ധമാണ്. പ്രാചീന ഹിന്തുക്കൾ ഇതിനെ

ദേവയജ്ഞം, പിതൃയജ്ഞം, ഋഷിയജ്ഞം തുടങ്ങിയുള്ള പഞ്ചയജ്ഞങ്ങളിൽ ഒന്നായി കല്പിച്ചിട്ടുള്ളതു തന്നെ ഇതിന്റെ പ്രാധാന്യത്തിന്നു മതിയായ ലക്ഷ്യമാണല്ലോ. എന്നല്ല, മറ്റു ധൎമ്മങ്ങൾക്കെല്ലാം അല്പം വല്ല ലോപവും വന്നുപോയാലും ഈയൊരു കൃത്യത്തിൽ ഒരിക്കലും വീഴ്ച വരുത്തുവാൻ പാടില്ലെന്നായിരുന്നു പണ്ടുള്ളവരുടെ നിശ്ചയം. അതിഥിപൂജ ഒന്നുകൊണ്ടു മാത്രം മറ്റെല്ലാ ദേവന്മാരെയും പൂജിച്ചാലുണ്ടാവുന്ന ഫലം ലഭിക്കുമെന്നാണു ധൎമ്മശാസ്ത്രം വിധിക്കുന്നതു്. പണ്ടു ഗൃഹസ്ഥന്മാർ അതിഥിയെ കിട്ടാൻവേണ്ടി വഴിയിൽ പോയി കാത്തുനിന്നിരുന്നു എന്നും കിട്ടാഞ്ഞാൽ അന്നു ജലപാനംപോലും കൂടാതെ തീരെ പട്ടിണി കിടന്നിരുന്നു എന്നും മറ്റുമുള്ള കഥകളും പ്രസിദ്ധമാണല്ലോ.

വിശേഷിച്ചു മലയാളികൾ ഈ വിഷയത്തിൽ പരദേശികളെക്കാൾ വളരെ അധികം ശ്രദ്ധയുള്ളവരായിരുന്നു എന്നു പറയാം. അവിടങ്ങളിൽ എത്രതന്നെ കുബേരന്മാരായിരുന്നാലും അവരുടെ ഗൃഹത്തിൽ ചെന്നു കയറിയാൽ യാതൊരു പരിചയവുമില്ലെങ്കിൽ കൈ നനച്ചു പോരുവാൻ സാധിക്കുന്ന കാൎയ്യം വളരെ സംശയമാണ്. എന്നാൽ മലയാളത്തിലാകട്ടെ, ചെറ്റക്കുടിലായാൽ കൂടി എല്ലാ സമയത്തും ഒരു വഴിപോക്കൻ കടന്നുചെല്ലുന്നതാ

യാൽ തങ്ങളുടെ സുഖവും സൌകൎയ്യവുമെല്ലാം ഉപേക്ഷിച്ചിട്ടുപോലും ആദരവോടുകൂടി അയാളെ അവസ്ഥാനുസരണം സൽക്കരിക്കുമെന്നുള്ളതു നമുക്കു് ഏറക്കുറെ അനുഭവമുള്ളതാണല്ലോ. സ്വത്തുള്ള കുടുംബങ്ങളിലെ കഥ പറയേണ്ടതില്ല. എത്ര അഗതികളും ഗോസായികളുമാണു മലയാളത്തറവാട്ടുകളുടെ ഔദാൎയ്യം ഒന്നുകൊണ്ടു മാത്രം ഉപജീവനം കഴിച്ചുപോരുന്നതു്. എന്നാൽ മലയാളത്തിൽ തന്നെ നമ്പൂതിരിമാൎക്കു് ഇതിലുള്ള നിഷ്കൎഷ വളരെ കലശലാണു്. അവർ ഉയൎന്ന ജാതിക്കാരാകകൊണ്ടു് അവരുടെ ഇല്ലങ്ങളിൽ ഏതു ജാതിക്കാൎക്കും ആതിത്ഥ്യമുണ്ടു്. അവസ്ഥാനുസരണം എല്ലാവരേയും ആദരിച്ചു സൽക്കരിക്കുകയും ചെയ്യാറുണ്ടു്. വിശേഷിച്ചു, സ്വജനങ്ങളായ നമ്പൂതിരിമാൎക്കു് എത്ര ദിവസമെങ്കിലും താമസിക്കാം. കുളി, തേവാരം, ഊണു, മുറുക്കു, കിടപ്പു മുതലായ കാൎയ്യങ്ങൾക്കു് ഒരു കാലത്തും അസ്വാധീനമോ അസൌകൎയ്യമോ ഉണ്ടാവുന്നതല്ല. ആരെങ്കിലും ഈ വിഷയത്തിൽ കുറച്ചു വല്ല ഉപേക്ഷയോ ഉദാസീനതയോ കാണിച്ചാൽ അതു സമുദായവിരോധത്തിന്നു കാരണമായിത്തീരുമെന്നു പറഞ്ഞാൽ തന്നെ അവർ ഈ വിഷയത്തിൽ എത്രമാത്രം നിഷ്കൎഷിച്ചിരുന്നു എന്നുള്ളതു് ഒരുവിധം മനസ്സിലാക്കാമല്ലോ.

എന്നാൽ കാലംകൊണ്ടു നമ്പൂതിരിമാരുടെ ഇടയിൽ പലേ സദ്വൃത്തികളും ക്ഷമിച്ചും, ദുഷി ച്ചും തുടങ്ങിയതോടുകൂടി ഈയൊരു നടവടിക്കും വ ലിയ കോട്ടം തട്ടീട്ടുണ്ടെന്നു വ്യസനപൂർവ്വം പറയേ ണ്ടിയിരിക്കുന്നു. പക്ഷെ ചിലക്ക് ഇത് ഒരു പുതുമ യായിത്തോന്നിയേക്കാം. പണ്ടത്തേക്കാൾ ഇ പ്പോൾ 'ലൌകികം' വളരെ അധികമായിട്ടുണ്ടെ ന്നു സാധാരണ ജനങ്ങളുടെ ഇടയിൽ ഒരഭിപ്രായ മുള്ളത് ഇവിടെ ഓക്കാതിരിക്കുന്നില്ല. പക്ഷെ ഈ യൊരഭിപ്രായം അത്ര ആലോചനാപൂർവ്വമായിട്ടു ള്ളതാണൊ എന്നു ഞാൻ സംശയിക്കുന്നു. ഇ പ്പോൾ ലൌകികം വല്ലതും അധികമായിട്ടുണ്ടെ ങ്കിൽ അതു സ്വാത്ഥത്തെ മാത്രം മുൻനിറുത്തീട്ടുള്ള ലൌകികമേ ആകുന്നുള്ളു: പേരു സമ്പാദിപ്പാനൊ, വല്ലവരുടേയും പ്രീതി സമ്പാദിപ്പാനൊ മററു വ ല്ല കാര്യലാഭങ്ങൾക്കൊ ആയി ചെയ്യുന്ന കേമമാ യ വിരുന്നുസൽക്കാരങ്ങളും അതിനുള്ള വലുതായ ചിലവുമാണു സൂക്ഷ്മത്തിൽ ഇപ്പോൾ വദ്ധിച്ചിട്ടുള്ള ത്. അല്ലാതെ തൻെറ കത്തവ്യകമ്മമെന്ന ബോ ധത്തോടുകൂടിയും സവ്വസാധാരണമായുമുള്ള ലൌ കികം വളരെ കുറവായിട്ടുണ്ടെന്നാണു പറയേണ്ട ത്. ചാച്ചക്കാരോ വേളക്കാരോ അല്ലെങ്കിൽ ഒരു പ്രമാണിയൊ ആരുണ ഗൃഹത്തിൽ വന്നിട്ടുള്ളതെ ങ്കിൽ തേച്ചുകുളി, ഊണു, മുറുക്കു, കാപ്പി, പലഹാ

രം മുതലായത് അവക്ക് ആവശ്യമില്ലെങ്കിലും നാം തയ്യാറാക്കി വെച്ചു നിർബ്ബന്ധിക്കുകയായി. യാതൊരു പരിചയവുമില്ലാതെ ഉള്ള ഒരാളാണെന്നിരിക്കട്ടെ, അയാളുടെ കുളി, ഊണു, കിടപ്പു തുടങ്ങിയുള്ള അത്യാവശ്യകാൎയ്യങ്ങൾ കൂടി നിവൃത്തിച്ചു കൊടുപ്പാനുള്ള ആളുകൾ നമ്മുടെ ഇടയിൽ വളരെ ദുർല്ലഭമായിത്തുടങ്ങിയിരിക്കുന്നു. അതിഥി പരിഷ്കാരവും പ്രാഭവവുമൊന്നുമില്ലാത്ത ഒരു പഴമക്കാരൻ കൂടിയായിരുന്നാൽ പിന്നെ അയാളുടെ കഷ്ടപ്പാടു പറയേണ്ടതുമില്ല. ഇങ്ങിനെയാണു മിക്കവാറുമുള്ള ഇപ്പോഴത്തെ ലൌകികസമ്പ്രദായം. ഈ നടപടിക്ക് അതിഥിപൂജ എന്നല്ല, ആത്മപൂജ എന്നാണു പേർ പറയേണ്ടത്.

എന്നാൽ മേൽപ്പറഞ്ഞതിൽനിന്ന്, ഈ വിഷയത്തിൽ കേവലം ആൾഭേദമോ വ്യത്യാസമോ ഒന്നും ആവശ്യമില്ലെന്ന് ആരും അൎത്ഥമാക്കുകയില്ലെന്നു വിശ്വസിക്കുന്നു. ചില വ്യത്യാസങ്ങളെല്ലാം തീൎച്ചയായും വേണ്ടിവരും. പക്ഷെ അതു സ്വാൎത്ഥത്തെ അടിസ്ഥാനപ്പെടുത്തീട്ടാവരുതെന്നു മാത്രമേയുള്ളൂ. അതിഥികളെ താരതമ്യപ്പെടുത്തുന്നത് അവരുടെ യോഗ്യതായോഗ്യതയെ നോക്കീട്ടായിരിക്കണം. ക്ഷണിച്ചു വന്നിട്ടുള്ളവർ, യദൃച്ഛയായി വന്നിട്ടുള്ളവർ, സ്ഥിരതാമസക്കാർ, തന്നെക്കാൾ ഉയൎന്നവർ, താണവർ, സമന്മാർ എന്നിങ്ങി

ന്നെ അതിഥികൾ പല തരക്കാരായിരിക്കുമ ല്ലൊ. ഇവരെയെല്ലാം യഥോചിതം സല്ക്ക രിച്ചു സന്തോഷിപ്പിക്കണമെന്നാണു ധൎമ്മശാ സ്ത്രം ഉപദേശിക്കുന്നത്. ക്ഷണിച്ചവരുടെ കാൎയ്യ വും ക്ഷണിക്കാത്തവരുടെ കാൎയ്യവും നാം ഒരുപോ ലെ വിചാരിക്കരുത്. ക്ഷണിച്ചവരുടെ കാൎയ്യം പ്ര ത്യേകം മനസ്സിരുത്തണമെന്നു പറയേണ്ടതില്ലല്ലോ. ഇതുപോലെ തന്നെ ഉയൎന്ന പദവിയിൽ ഇരിക്കു ന്ന ഒരാളുടെ ആവശ്യവും ഒരു മോശക്കാരന്റെ ആ വശ്യവും ഒരുപോലെയായിരിപ്പാൻ തരമില്ല. ഈ വിധം അവസ്ഥ, ആവശ്യം മുതലായ വ്യത്യാസങ്ങ ളനുസരിച്ചു ലൌകികവിഷയത്തിലും പല ഭേദങ്ങ ളും വ്യത്യാസങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്.

എന്നാൽ എപ്പോഴും എല്ലാവൎക്കും ഈ ഒരു കാൎയ്യം ഇങ്ങിനെ ഉചിതംപോലെ ഭംഗിയായി നി ൎവ്വഹിപ്പാൻ സാധിച്ചു എന്നു വരുന്നതല്ല. വലിയ സ്ഥിതിയിലുള്ള ഒരാൾ താണനിലയിലുള്ള ഒരാളു ടെ ഗൃഹത്തിൽ യദൃച്ഛയായി ചെല്ലുന്നതായാൽ ആ മാന്യനായ അതിഥിയുടെ അവസ്ഥയനുസരി ച്ച് അദ്ദേഹത്തെ ആരാധിപ്പാൻ ആ ഗൃഹസ്ഥ നെക്കൊണ്ടു കഴിഞ്ഞു എന്നു വരുന്നതല്ലല്ലൊ. അ ങ്ങിനെയുള്ള അവസരങ്ങളിൽ തന്റെ സ്ഥിതിയ നുസരിച്ചും തല്ക്കാലസൌകൎയ്യംപോലെയും വല്ലതും ചെയ്തു തൃപ്തിപ്പെടുത്തുവാനേ സാധിക്കയുള്ളൂ. അതി

ഥിസല്ക്കാരത്തിന്റെ ഉദ്ദേശം ത്യാഗമാണ്. ഇതിന്റെ സാഫല്യമിരിക്കുന്നത് അവനവന്നു പ്രിയമുള്ള സാധനങ്ങളെ മനസ്സഴിഞ്ഞ് ഉപേക്ഷിക്കുന്നതിലാണ്. അല്ലാതെ മുഴുവൻ അതിഥിയുടെ അവസ്ഥയും യോഗ്യതയും നോക്കി ചെയ്യുന്നതിലല്ല. സല്ക്കാരം അതിഥിയുടെ അവസ്ഥക്കും യോഗ്യതക്കും അനുസരിച്ചു സാധിച്ചില്ലെങ്കിലും അതു ഗൃഹസ്ഥന്റെ അവസ്ഥക്ക് ഒട്ടും കുറവുകൂടാത്തതും, ഏററവും ഹൃദയപൂർവ്വമായിട്ടുള്ളതുമായിരുന്നാൽ അതുതന്നെയാണ് അതിഥിയുടെ സന്തോഷത്തിന്നും ഗൃഹസ്ഥന്റെ കൃതാർത്ഥതക്കും കാരണമായിട്ടുള്ളത്. ഭഗവാൻ ശ്രീകൃഷ്ണൻ ദുര്യോധനന്റെ ആഡംബരത്തോടുകൂടിയ ആതിഥ്യത്തെ ഉപേക്ഷിച്ച്, ദരിദ്രനായ വിദുരന്റെ ക്ഷണമല്ലയോ സ്വീകരിച്ചത്. ശ്രീരാമൻ തന്റെ വനവാസകാലത്തു മഹർഷിമാർ ചെയ്ത ഫലമൂലാദികളെക്കൊണ്ടുള്ള സല്ക്കാരത്തെ ഏററവും തൃപ്തിയോടുകൂടിയല്ലയോ കൈക്കൊണ്ടത്. ഇതുകൊണ്ട്, അതിഥിയുടെ യോഗ്യതായോഗ്യത നോക്കി ചെയ്വാൻ സാധിച്ചില്ലെങ്കിലും ഗൃഹസ്ഥന്റെ അവസ്ഥയനുസരിച്ചു ശ്രദ്ധയോടുകൂടി ചെയ്യുന്നതായാൽ യാതൊരു പോരായ്മയുമില്ലെന്നു തെളിയുന്നു. കറുത്ത മുഖവും വെളുത്ത ചോറുമായിട്ടു യാതൊരു ഫലവുമില്ല. ഭക്തിയാണു ഭുക്തിക്കുള്ള മുഖ്യമായ രസം എന്നു പ്രസിദ്ധമാണല്ലൊ.

എന്നാൽ പണ്ടത്തെപ്പോലെ ചുരുങ്ങിയ മട്ടിലും സ്വാഭാവികമായ രീതിയിലും ഈ വക കാര്യങ്ങൾ ഇക്കാലത്തു നടത്തിക്കൊണ്ടു പോവാൻ കുറെ പ്രയാസമായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. ജീവിതസമ്പ്രദായം നാടോടുകൂടി കീഴ്മേൽ മറിഞ്ഞിരിക്കുന്നു. ആവശ്യത്തിലേക്കാൾ ആഡംബരത്തിലാണു ജനങ്ങളുടെ ശ്രദ്ധ മുഴുവൻ പതിഞ്ഞുവശായിട്ടുള്ളത്. അതിനാൽ വന്നുകൂടുന്ന ചിലവിന്നു ഒരു കയ്യും കണക്കുമില്ല, അതിഥിയുടെ ഒരു നേരത്തെ കാപ്പി നിവൃത്തിക്കേണ്ടതിന്നുതന്നെ വലുതായ ചിലവു ചെയ്യേണ്ടതായിട്ടാണ് വന്നിരിക്കുന്നത്. അതുകൊണ്ടു പണ്ടത്തെ മാതിരിയിൽ സർവ്വസാധാരണമായ ലൌകികം ഇക്കാലത്തു നടത്തണമെങ്കിൽ കുറെ ബുദ്ധിമുട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. എങ്കിലും നാം മനസ്സിരുത്തുന്നതായാൽ കുറെ ഒക്കെ ഭേദപ്പെടുത്താൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. അതിഥിസല്ക്കാരം ഗൃഹകൃത്യങ്ങളിൽ ഒന്നാണല്ലോ. അതുകൊണ്ടു കുടുംബഭാരവാഹികളാണ് ഇതിൽ മുഖ്യമായി മനസ്സിരുത്തേണ്ടത്. വരവുചിലവുകളെ നല്ലവണ്ണം വ്യവസ്ഥപ്പെടുത്തി കൃത്യബോധത്തോടുകൂടി ഭരണം നടത്തുന്നതായാൽ കാലോചിതമായ വിധത്തിൽ ഇതിന്നു ഒരുവിധം നടത്തിക്കൊണ്ടുപോകാവുന്നതാണ്.

എന്നാൽ സൂക്ഷ്മത്തിൽ വിദ്യാഭ്യാസംകൊണ്ടല്ലാതെ ഇതിനെ ശരിയായി പുനൎജ്ജീവിപ്പിക്കാൻ കഴിയുന്നതല്ല. കടയ്ക്കൽ നനച്ചേ തലയ്ക്കൽ പിടിക്കു! എല്ലാ നടപടിയും ഓരോ മനോവ്യാപാരങ്ങളുടെ ഫലങ്ങളാണ്. അതുകൊണ്ടു മനസ്സിനെ നേർവഴിയിൽ തിരിച്ചുവിടുന്നതായ വിദ്യാഭ്യാസം പരക്കെ പരക്കണം. എന്നാൽ മാത്രമെ ഇതിന്നു നിശ്ശേഷം പരിഹാരമുണ്ടാവുകയുള്ളു. എങ്കിലും കുടുംബഭാരവാഹികൾ ശ്രദ്ധവെക്കുന്നതായാൽ കുറെയൊക്കെ ഭേദപ്പെടുത്താൻ കഴിയുന്നതാകകൊണ്ട് അവർ ഈ വിഷയത്തിൽ പ്രത്യേകം ദൃഷ്ടിവെക്കുമെന്നു വിശ്വസിക്കുന്നു.

## ൪. അന്തൎജ്ജനങ്ങളുടേയും കിടാങ്ങളുടേയും അനാഥസ്ഥിതി

ഒരു സമുദായത്തിന്റെ അഭിവൃദ്ധി അതിലെ സ്ത്രീകളുടേയും കുട്ടികളുടേയും കാലക്ഷേപത്തെ ആശ്രയിച്ചാണിരിക്കുന്നത്. സ്ത്രീകളും കുട്ടികളും അരിഷ്ടിക്കുന്ന സമുദായം ഒരിക്കലും ഉന്നതിയെ പ്രാപിക്കുന്നതല്ല. അവരുടെ സന്തോഷത്തിലും സമാധാനത്തിലുമാണ് ഒരു സമുദായത്തിന്റെ ശ്രേയ

സ്സു മുഴുവൻ ഓടിയുറച്ചു നില്ക്കുന്നത്. എന്നാൽ നമ്പൂതിരി സമുദായത്തെസ്സംബന്ധിച്ചേടത്തോളം ഈ ഒരു കാൎയ്യം വളരെ ശോചനീയമായ വിധത്തിലാണെന്നു പറയേണ്ടിയിരിക്കുന്നു. അതിലെ അന്തൎജ്ജനങ്ങളും കിടാങ്ങളും തങ്ങളുടെ നിത്യവൃത്തിക്കുടി എത്രയൊ കഷ്ടപ്പെട്ടാണ് കഴിച്ചുകൂട്ടുന്നത്. സുഖത്തിന്റെ കാൎയ്യം പിന്നെ പറയേണ്ടതില്ലല്ലൊ. ഈ ഒരു സംഗതി അവരുടെ കാലക്ഷേപത്തെ ഒന്നു പരിശോധിച്ചാൽ അറിയാവുന്നതാണ്. ഒന്നാമത് അന്തൎജ്ജനങ്ങളുടെ കഥ നോക്കുക.

സ്ത്രീകൾ സ്വതേതന്നെ അബലകളും അസ്വതന്ത്രകളുമാണല്ലൊ. വിശേഷിച്ച് അന്തൎജ്ജനങ്ങളുടെ കഥ പറയേണ്ടതുമില്ല. ന്യായമായ ആവശ്യങ്ങളും സങ്കടങ്ങളും മററുള്ളവരോടു പറഞ്ഞു മനസ്സിലാക്കുവാൻകൂടി സാധുക്കളായ അവൎക്കു ശേഷിയില്ല അവരുടെ ആവശ്യങ്ങൾ എത്രയൊ ലഘുവായിട്ടുള്ളവയാണ്. പണിയെടുത്തു വലയുമ്പോൾ രണ്ടു നേരവും വിശപ്പടങ്ങുവാൻ മാത്രമുള്ള ആഹാരം വേണം. നന്നേ നാറാത്തതും കീറാത്തതുമായ വസ്ത്രംകൊണ്ടു നഗ്നതയെ ഒന്നു മറെക്കുന്നത് ആവശ്യമാണ്. നിത്യോപയോഗത്തിന്നുള്ള ചില്ലറചില പണ്ടങ്ങൾ ഉണ്ടായാൽ വളരെ സന്തോഷമായി! തീയും പുകയുമേററു തലയും ദേഹവും കല

ശലായി എരിയുമ്പോൾ കുറേശ്ശ എണ്ണ പെരുമാറിയാൽകൊള്ളാം. കഠിനമായ തണുപ്പുള്ളകാലങ്ങളിൽ കിടക്കുന്നതിന്നു വല്ല വിരിയൊ പുതപ്പൊ കിട്ടിയാൽ വളരെ കേമമായി. വഴിപാടിന്നൊ വഴിച്ചിലവിന്നൊ ആയി അരക്കാലൊ കാലൊ കിട്ടിയാൽ വലിയ സന്തോഷത്തോടെ അനുഗ്രഹിക്കും. കിടാങ്ങളുടെ അരയിലും കഴുത്തിലും അത്യാവശ്യം ചില പണ്ടങ്ങൾ കെട്ടിച്ചു കണ്ടാൽകൊള്ളാം. ഇത്രയൊക്കെ അവൎക്ക് ആവശ്യമുള്ളു. അല്ലാതെ സോപ്പു, കാപ്പി മുതലായ പരിഷ്കൃതരീതിയിലുള്ള ആവശ്യങ്ങൾ അവരുടെ ജീവിതത്തെ മലിനപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. എന്നാൽ അവരുടെ ഈ ചുരുങ്ങിയ ആവശ്യങ്ങൾ തന്നെ എത്രത്തോളം ബുദ്ധിമുട്ടിയുംകൊണ്ടാണ് കഴിഞ്ഞു കൂടുന്നതെന്നു പറയാനില്ല. രണ്ടു നേരവും ഒരുവിധം സ്വൈരമായും സുഖമായും ആഹാരം കഴിക്കുന്ന അന്തൎജ്ജനങ്ങൾ ഉണ്ടൊ എന്നതന്നെ വളരെ സംശയമാണ്. പണി എടുക്കുവാനുള്ള ഒരുവക യന്ത്രംപോലെയാണ് നാം അവരെ കരുതിപ്പോരുന്നത്. വെയ്ക്കാനും വിളമ്പാനുമല്ലാതെ ഉണ്ണാനുള്ള അധികാരം തങ്ങൾക്കില്ലെന്നാണ് അവൎക്കുതന്നെയുമുള്ള ബോദ്ധ്യമെന്നു തോന്നുന്നു. നമ്പൂതിരിമാരുടേയും, കുട്ടിപ്പട്ടന്മാരുടേയും, വഴിപോക്കന്മാരുടേയുമെല്ലാം ശാപ്പാടു കഴിയുമ്പോഴെ

ക്ക് വെച്ച പാത്രങ്ങളുടെ അടികണ്ടു കഴിയും. പിന്നെ വല്ല ഉപ്പൊ മുളകൊ കൂട്ടി ഏതു വിധമെങ്കിലും തല്ക്കാലത്തെ ക്ഷുത്തടക്കുക എന്നല്ലാതെ തങ്ങൾ വെച്ചുണ്ടാക്കിയ സാധനങ്ങളുടെ രുചിയൊന്നു നോക്കാൻകൂടി അവൎക്ക സാധിക്കുന്ന ദിവസം വളരെ കുറയും. എത്ര വലിയ ഇല്ലങ്ങളിലേയും സ്ഥിതി മിക്കവാറും ഇങ്ങിനെയാണ്. ഇനി വസ്ത്രത്തിൻെറ കഥ പറകയാണെങ്കിൽ അവരുടെ ആവശ്യത്തിനും സ്ഥിതിക്കും തക്കവണ്ണം എടുത്തുകൊടുക്കുന്ന ഇല്ലങ്ങൾ വളരെ ദുൎല്ലഭമാണ്. പണങ്ങളുടെ കാൎയ്യവും മേപ്പടിതന്നെ. എണ്ണതേച്ചു കുളിപ്പാൻ അവൎക്ക സ്വതേതന്നെ നല്ല ദിവസം ഉണ്ടാകയില്ല. ഉള്ളപ്പോൾ സ്വാധീനംപോലെ എല്ലാപ്പോഴും അതു കിട്ടുമൊ എന്നും സംശയമാണ്. കിടപ്പാറുള്ള വട്ടത്തിൻെറ കാൎയ്യം കുരങ്ങിൻെറ കൂടുകൂട്ടുമ്പോലെയാണെന്നു പറയാം. തണുപ്പു കാലംവരുമ്പോഴെ അവർ ഈ കാൎയ്യം ആലോചിക്കാൻതന്നെ തുടങ്ങുകയുള്ളൂ. അതുതന്നെ നമ്പൂതിരിമാരോടു പറയാൻ സംശയിച്ചും, ഭയപ്പെട്ടും കഴിയുമ്പോഴെക്ക് ആവശ്യമുള്ള കാലവും കഴിയും. പിന്നെ വരുംകൊല്ലം ആവാമെന്നും വെക്കും. പിന്നേയും ഗതി ഇതുതന്നെ. വഴിപാടിൻേറയും വഴിച്ചിലവിൻേറയും കഥ പറയാതിരിക്കുന്നതാണു ഉത്തമം.

കിടാങ്ങളുടെ കാൎയ്യം ഒന്നു പ്രത്യേകംതന്നെ

എടുത്തു പറയേണ്ടതുണ്ട്. അമ്മമാൎക്ക് അടുക്കളപ്പണിയായി. നമ്പൂതിരിമാരുടെ എല്ലാപ്പോഴുമുള്ള പ്രയത്നവും വിചാരവുമെല്ലാം അന്യസമുദായത്തിലെ കുടുംബങ്ങളെ പുലൎത്താനായും കലാശിച്ചു. പിന്നെയെല്ലാം ദാസിമാരുടെ കരുണമാത്രമാണ് അവൎക്ക് ശരണമായിട്ടുള്ളത്. അതിന്റെ ഫലം നാം ധാരാളം അനുഭവിക്കുന്നുമുണ്ടല്ലൊ. എന്തെല്ലാം ദുൎഗ്ഗുണങ്ങളും അന്ധവിശ്വാസങ്ങളുമാണ് നാം അവരിൽനിന്നു പഠിച്ചുറപ്പിച്ചിട്ടുള്ളത്. എങ്കിലും നമ്മുടെ ജീവനെ രക്ഷിച്ചതന്നിട്ടുള്ള പോററമ്മമാരെ കുറിച്ച് ആക്ഷേപിക്കുന്നത് ഒരുവക കൃതഘ്നതയാണെന്നു കരുതി അതിനു തല്ക്കാലം ഞാൻ തുനിയുന്നില്ല. കിടാങ്ങളുടെ ആരോഗ്യം, സന്മാൎഗ്ഗം, ബുദ്ധിവികാസം മുതലായവയ്ക്കായി വല്ലൊരു ഏൎപ്പാടെങ്കിലും ചെയ്യുന്നതായ ഒരു നമ്പൂതിരി കുടുംബം മലയാളത്തിൽ ഉണ്ടൊ എന്നുള്ള കാൎയ്യം ഞാൻ വളരെ സംശയിക്കുന്നു. കിടാങ്ങൾ വിശന്നു വലഞ്ഞു ശാഠ്യം പിടിക്കുമ്പോൾ അടുക്കളപ്പണിയുടെ തിരക്കിൽ അമ്മമാർ കുറച്ചു വെറും ചോറെങ്കിലും കൊടുത്താൽതന്നെ കേമമായി. കുറച്ചു കൊച്ചുകുഞ്ഞുങ്ങൾക്കു മുലകൊടുപ്പാൻകൂടി അവൎക്ക് ഗൃഹജോലി നിമിത്തം അവസരമില്ലാതെയാണിരിക്കുന്നത്. പിന്നെ വല്ല ചിരങ്ങൊ ചൊറിയൊ വയററിൽ ദീനമൊ മററൊ പിടിപ്പെട്ടാലത്തെ സ്ഥി

തി എന്തായിരിക്കും. പണ്ടങ്ങളുടേയും വസ്ത്രങ്ങളു
ടേയും കഥയെ കുറിച്ച് ഇനി വിശേഷിച്ചു പറയേ
ണ്ടതുമില്ല. അരയിലേക്കും കഴുത്തിലേക്കുള്ള ഒരു
ചരടിനുപോലും കാശു കിട്ടാതെ കഷ്ടപ്പെടുന്ന ദി
ക്കു ധാരാളമാണെന്നു പറഞ്ഞാൽ അത് ഒട്ടും അ
തിശയോക്തിയാകുന്നതല്ല. ഇനി ഇവരുടെ വിദ്യാ
ഭ്യാസത്തിന്റെ കാര്യമാണ് പറയാനുള്ളത്. പ
ണ്ട് ഒരു എഴുത്തച്ഛനെ വെക്കുന്ന സമ്പ്രദായമെങ്കി
ലും ഉണ്ടായിരുന്നു. ഇപ്പോൾ അതും കൂടി ഇല്ലാ
തായിരിക്കുന്നു. ആകപ്പാടെ ഇവരുടെ സ്ഥിതി വ
ളർത്തു മൃഗങ്ങളേക്കാൾകൂടി കഷ്ടമാണെന്നു പറ
ഞ്ഞാൽ മതിയല്ലോ. ഇത്രത്തോളം സംഗതിക
ളിൽ ഉണ്ണികളുടേയും, പെങ്കിടാങ്ങളുടേയും അവസ്ഥ
ഒന്നുതന്നെയാണ്. എന്നാൽ ഉണ്ണികൾ സമാവ
ർത്തനം കഴിയുന്നതോടുകൂടി ഈ തടവിൽനിന്ന് ഒ
രുവിധം രക്ഷപ്പെട്ടു കഴിയും. പക്ഷേ പിന്നെ യാതൊ
രു കീഴടക്കവുമില്ലാതെ താന്തോന്നികളായി തീർന്ന്
കാരണവന്മാരുടെ നടപടിയെത്തന്നെ അനുകരി
പ്പാൻ തുടങ്ങുകയായി. എന്നാൽ പെങ്കിടാങ്ങളു
ടെ നരകം പിന്നേയും അവസാനിക്കുന്നില്ല. ബാ
ല്യത്തിൽ വളരെ വിചാരങ്ങളൊന്നും ക്ലേശിപ്പി
ക്കാൻ ഇല്ലാത്തതുകൊണ്ട് ആ കാലം ഒരുവിധം
അങ്ങിനെ കഴിഞ്ഞുകൂടും. അതിൽനിന്നു യൌവ
നത്തിലേക്കുള്ള പ്രവേശമാണ്, 'വാവു പട്ടിയിൽ

നിന്നു തിയ്യിലേക്ക്” എന്നു പറഞ്ഞ മാതിരി വലിയ ദുസ്സഹമായിട്ടുള്ളത്. ഒന്നുകിൽ നിത്യബ്രഹ്മചൎയ്യം, അല്ലെങ്കിൽ കിഴവന്മാരായ ഭൎത്താക്കന്മാരുമായുള്ള സഹവാസത്തിൽനിന്നുള്ള സങ്കടം. അല്ലെങ്കിൽ സപത്നീദുഃഖം, അല്ലെങ്കിൽ ബാല്യവൈധവ്യം, ഇങ്ങിനെ ബഹുവിധമാണ് അവരുടെ സങ്കടമെന്നു പറഞ്ഞാൽ മതിയല്ലൊ. ഈ വിധമൊക്കെയാണ് അന്തൎജ്ജനങ്ങളുടേയും കിടാങ്ങളുടേയും തല്ക്കാലസ്ഥിതി.

എല്ലാ ഇല്ലങ്ങളിലേയും സ്ഥിതി ഇങ്ങിനെയാണൊ, ആണെങ്കിൽതന്നെ ഇത്രത്തോളം കഷ്ടപ്പാടുണ്ടൊ, ഉണ്ടെങ്കിൽതന്നെ അതിന്റെ നിവൃത്തിക്ക വഴികഴിച്ചിട്ടുള്ള നമ്പൂതിരിമാരെങ്കിലും ഇല്ലെ, എന്നൊക്കെ ചിലർ സംശയിക്കമായിരിക്കും. എന്നാൽ മിക്ക ഇല്ലങ്ങളിലെ കഥയും, മേൽപറഞ്ഞ മിക്ക സംഗതികളും ശരിയായിട്ടുള്ളതാണെന്ന് ഒരു നമ്പൂതിരിയോടു പറഞ്ഞു മനസ്സിലാക്കേണമെന്നാരേ[illegible]ന്നുന്നില്ല. ഗൃഹസ്ഥന്മാരുടെ കഥയും ഇങ്ങിനെ തന്നെ. പേരിന്നു മാത്രം ഒരാളുണ്ടെന്നല്ലാതെ അനുഭവംകൊണ്ടു തീരെ ഇല്ലാതെയാണ കണ്ടുവരുന്നത്. കലഹമില്ലാത്ത ഗൃഹസ്ഥന്മാർ സൂക്ഷ്മത്തിൽ നമ്മുടെ സമുദായത്തിൽ വിരൽ മടക്കാൻ തക്ക ഉണ്ടൊ എന്നുള്ള കാൎയ്യം വളരെ സംശയത്തിലാണ്. അങ്ങിനെ ദുൎല്ലഭം വല്ലവരുമുണ്ടെ

ങ്കിൽ അവക്ക തറവാട്ടിൽ അധികാരവും സ്വാതന്ത്ര്യവും ഉണ്ടായിവരുന്നതും അപൂൎവ്വമാണ്. അഥവാ വല്ലവൎക്കും ഈവക കാൎയ്യങ്ങൾ വല്ലതും ചെയ്യാൻ സാധിച്ചാൽതന്നെ ശേഷമുള്ള അധികം ആളുകൾക്കും അതത്ര രസിക്കയുമില്ല. സ്വാതന്ത്ര്യം, സിദ്ധാന്തം എന്നും മററും പറഞ്ഞ് അവർ ലഹളകൂട്ടിത്തുടങ്ങും. എവിടേയും ഭൂരിപക്ഷത്തിനാണല്ലോ പ്രാബല്യം. ഒടുവിൽ ഇവരുടെ കാൎയ്യം നഷ്ടമായിപ്പോവുകയും ചെയ്യും എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

എന്നാൽ ഈ നമ്പൂതിരിമാർ അന്യസമുദായത്തിലുള്ള തങ്ങളുടെ ഭാൎയ്യാമക്കൾക്കുവേണ്ടി ആവശ്യമായും അനാവശ്യമായും എത്ര പണമാണ് കോരിച്ചൊരിയുന്നത്. അവൎക്ക മോടിയിലുള്ള സ്ഥലം, കാലത്തു നെയ്യൊഴിച്ച കഞ്ഞി, സുഖമായ ഭക്ഷണം, എല്ലായ്പോഴും കാപ്പിയും പലഹാരവും, വിലപിടിച്ച ഉടുപ്പുകളും ആഭരണങ്ങളും, നാഴികക്കു നാഴികക്കു വലിയ ഡാക്ടർമാരെ വരുത്തൽ, ഇംഗ്ലീഷുമരുന്നു നിത്യം ശീലിക്കൽ, കുട്ടികളെ ശീമക്കും മററും അയച്ചു വിദ്യാഭ്യാസം ചെയ്യിക്കൽ, എന്നു വേണ്ട, തങ്ങളുടെ ഭാൎയ്യാമക്കൾക്കുവേണ്ടി ഇല്ലം പണയമെഴുതാൻകൂടി ഇവരെല്ലാവരും ഒരുപോലെ തയ്യാറാണെന്നു പറഞ്ഞാൽ മതിയല്ലോ. എന്നാൽ കുടുംബത്തിന്നുവേണ്ടി തങ്ങളുടെ ജീവ

നെക്കൂടി അഗ്നിയിൽ ആഹുതി ചെയ്യുവാൻ തയ്യാറുള്ള തങ്ങളുടെ സഹോദരിമാരുടേയും, എന്നു വെച്ചാൽ, സ്വസുഖങ്ങളെയെല്ലാമുപേക്ഷിച്ചു യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ വളരെ ശ്രദ്ധയോടും ഭക്തിയോടുംകൂടി ദിവസേന ശുചിയായിവെച്ചു വിളമ്പിത്തന്നും, ഒരു സമുദായത്തിന്റെ ആരോഗ്യം മുഴുവൻ കാത്തുരക്ഷിച്ചും വരുന്ന ആ സാധു ജീവികളുടേയും അവരുടെ പാവപ്പെട്ട സന്താനങ്ങളുടേയും — ജീവധാരണത്തിനുള്ള സ്വല്പസംഗതിയിൽക്കൂടി അന്വേഷിപ്പാൻ ആരുമില്ല. എന്നല്ല, വിരോധംകൂടിയാണെന്നു കണ്ടുവല്ലോ. നോക്കുക ഇവരുടെ അനാഥസ്ഥിതി!

ഇതിനുള്ള കാരണം കുടുംബഭരണത്തിലുള്ള ദൗഷ്ട്യമാണെന്ന് ഒരു സമയം ആദ്യം തോന്നിയേക്കാം. എന്നാൽ സൂക്ഷ്മത്തിൽ ഇതിനെല്ലാം കാരണം മലയാളത്തിലെ സംബന്ധസമ്പ്രദായമാണെന്നാണു പറയേണ്ടത്. തന്റെ സ്വന്തം എന്നു വിചാരംവരുന്നദിക്കിലെ സ്വാഭാവികമായ സ്നേഹവും വിശ്വാസവും സഹായവുമെല്ലാം ഉണ്ടാവുകയുള്ളൂ. ഈ വിചാരം മുഴുവൻ ഇപ്പോൾ അന്യസമുദായത്തിലാണ്; 'ചോറൊന്നു കൂറൊന്ന്' എന്നാണ് ഇപ്പോൾ നമ്മുടെ നില. ഇതുവിട്ടു എല്ലാവരും വേൾക്കുക എന്ന നിയമം വന്നാൽ മാത്രമെ ഇതിനു പൂർണ്ണമായ ഒരു പരിഹാരമുണ്ടാവാൻ വ

ഴിയുള്ളൂ. പക്ഷെ അതു നാളള്ള്യ നടപ്പിൽ വരുത്താനം പ്രയാസം. അതുകൊണ്ടു തല്ക്കാലം കുടുംബ കാൎയ്യം അന്വേഷിക്കുന്നവർതന്നെ ഈ കാൎയ്യത്തിൽ ഒന്നു ശ്രദ്ധവെക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നത്. എന്നാൽ മാത്രമെ കുറച്ചെങ്കിലും വല്ല നിവൃത്തിയുമുണ്ടാവാൻ വഴി കാണുന്നുള്ളൂ. അതിനാൽ അവരുടെ ശ്രദ്ധയെ ഈ വിഷയത്തിൽ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. ഏതായാലും നിന്ദ്യവും, നീചവും, നിഷ്ഠുരവുമായ ഇശ്ശൊരു സമ്പ്രദായത്തിന് ഒരു പരിഹാരമുണ്ടാവാതെ നമ്മുടെ സമുദായം ഒരിക്കലും നന്നാവാൻ വഴിയില്ല തീൎച്ചതന്നെ.